www.malankaralibrary.com








# വത്തിക്കാൻ തരംഗം

കെസിബിസി മീഡിയ

**അരികുകളിൽ ജീവിക്കുന്ന ആളുകൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

സമൂഹത്തിന്റെ അരികുകളിൽ, മനുഷ്യത്വരഹിതമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്ന ആളുകൾക്ക് വേണ്ടി; അവരെ സ്ഥാപനങ്ങൾ അവഗണിക്കാതിരിക്കുകയും ഒരിക്കലും പ്രാധാന്യം കുറഞ്ഞതായി കണക്കാക്കുകയും ചെയ്യരുത്.

**ഫ്രാൻസിസ്പാപ്പയുടെ പ്രാർത്ഥനാനിയോഗം സെപ്റ്റംബർ 2023**

Vol No.33 No.9 September 2023

Rs.5.00

www.malankaralibrary.com

To Be A

# LIVING REMINDER of GOD'S LOVE







## REDEMPTORISTINE NUNS

Redemptoristine Nuns are enclosed contemplative women who desire to live fully the Gospel.
We commit ourselves to follow Christ the Redeemer in prayer and contemplation and fraternal community.
It is our hope to begin a monastery in India and welcome generous and open young women who feel God calling them to the monastic life.

**CONTACT US**

WWW.REDNUNS.COM

Monastery of Saint Alphonsus, Dublin, Ireland

Fr. Poly Kannampuzha C.Ss.R +919497679039

www.malankaralibrary.com

വത്തിക്കാൻ തരംഗം
VATHICAN THARANGAM
September- 2023
RN. 55 178/94
പുസ്തകം- 33
Monthly
ലക്കം-09

# ഉള്ളടക്കം

- എഡിറ്റോറിയൽ... 4
- യേശുവിന്റെ നന്മയോടെ ... 05
- പുതുചരിത്രമെഴുതാൻ ... 11
- അസ്സീസ്സി തിരുനാളിൽ ... 16
- ജീവന്റെ മൂല്യം ... 18
- ക്ഷമിക്കുക എന്നത് ... 22
- അവിടുത്തെ യൗവ്വനം ... 26
- അക്ഷരം പുസ്തകം ... 30
- വരൂ ഇവിടെയാണ് ... 32
- മീഡിയ ആൽബം ... 37
- വാർത്തയും ചിന്തയും ... 38

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

www.malankaralibrary.com

EDITORIAL



# ദൈവീക പദ്ധതിയനുസരിച്ചുള്ള ദൈവജനമാകണം നാം

"ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം" എന്ന ആഗോള കത്തോലിക്കാ മെത്രാൻ സിനഡിന്റെ ആപ്തവാക്യത്തിന്റെ പശ്ചാത്തലത്തിൽ കേരള സഭാ നവീകരണത്തിനാണ് അഭിവന്ദ്യപിതാക്കന്മാർ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

നവീകരണത്തിനായുള്ള കർമ്മ പരിപാടികളിൽ പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും പങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണമെന്ന് അഭിവന്ദ്യപിതാക്കന്മാർ അനുസ്മരിപ്പിക്കുകയുണ്ടായി. എല്ലാ സംഭാഷണങ്ങളും കൂട്ടിച്ചേരലുകളും സഹഗമനങ്ങളും പരിശുദ്ധാത്മാവിന്റെ സ്വരത്തിനു കാതുകൊടുത്തുകൊണ്ടായിരിക്കണമെന്ന കാര്യവും കെ സി ബി സി തയ്യാറാക്കിയ മാർഗരേഖയിൽ വ്യക്തമാക്കിയിരുന്നു. 2024-2025 തുടർ നവീകരണ കാലഘട്ടമായിരിക്കണമെന്ന് ഇതേ രേഖയിലുണ്ട്.

നവീകരണത്തിന്റെ അടിസ്ഥാന ഭാവങ്ങൾ കൂട്ടായ്മയും പ്രേഷിതാഭിമുഖ്യവുമായിരിക്കണമെന്ന ചിന്തയുടെ മറുവശത്ത് സഭ (Ecclesia) എന്ന വാക്കിന്റെ അർത്ഥം വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹമാണെന്നു പറയുന്നുണ്ട്. സഭയായിരിക്കുക എന്നതിന്റെ അർത്ഥം ദൈവിക പദ്ധതിയനുസരിച്ച് ദൈവജനമായിരിക്കുക എന്നതാണ്.

2018 മേയ് 3 ന് അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷൻ 'സിനഡാത്മകത സഭയുടെ ജീവിതത്തിലും ദൗത്യത്തിലും' എന്ന പ്രമാണരേഖ ആരംഭിക്കുന്നത് ഫ്രാൻസിസ് പാപ്പയുടെ വാക്കുകളോടെയാണ്. മൂന്നാം സഹസ്രാബ്ദത്തിൽ നിശ്ചയമായും ഈ സിനഡാത്മകതയുടെ വഴിയാണ് സഭ തുടരേണ്ടതെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന ഈ ആമുഖ വാക്കുകൾക്ക് വത്തിക്കാനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മെത്രാൻ സിനഡിന്റെ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമുണ്ട് .സിനഡിന്റെ ചിന്തകളും ചർച്ചകളും ഈ ദൈവവഴിയിൽ മുന്നേറട്ടെ എന്ന് പ്രാർത്ഥിക്കാം. ❍



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

www.malankaralibrary.com



# യേശുവിന്റെ നന്മയോടെ ഒന്നിച്ചു നീങ്ങാൻ സിനഡ് ഇടയാക്കണം: മാർപാപ്പ

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** മാനുഷിക തന്ത്രങ്ങളെ അകറ്റി നിർത്തി യേശുവിന്റെ നന്മ സാർവത്രികമായി പ്രസരിപ്പിച്ചുകൊണ്ട് മുന്നേറാൻ സഭയ്ക്കു കഴിയണമെന്ന് ഫ്രാൻസിസ് മാർപാപ്പ. രാഷ്ട്രീയ കണക്കുകൂട്ടലുകൾക്കും പ്രത്യയശാസ്ത്രപരമായ പോരാട്ടങ്ങൾക്കും പരിഗണന നൽകാതെ 'പിതാവിൽ നിന്ന് അനുഗ്രഹം തേടുകയും ക്ഷീണിതരും അടിച്ചമർത്തപ്പെട്ടവരുമായവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന യേശുവിന്റെ ദൃഷ്ടിയോടെ ഒരുമിച്ച് നടക്കാൻ ഞങ്ങൾ ഇവിടെയുണ്ട്" എന്ന് ലോകത്തെ ബോധ്യപ്പെടുത്താനുള്ള ദൗത്യമാണ് സിനഡിലൂടെ സഭാ മക്കൾ ഏറ്റെടുക്കേണ്ടത്: ബിഷപ്പുമാരുടെ സിനഡിന്റെ പതിനാറാമത് ഓർഡിനറി ജനറൽ അസംബ്ലിയുടെ ഉദ്ഘാടന വേളയിൽ പാപ്പാ പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന വിശുദ്ധ കുർബാനയിൽ ഫ്രാൻസിസ് മാർപാപ്പ മുഖ്യകാർമ്മികത്വം വഹിച്ചു. സിനഡിന്റെ വെളിച്ചത്തിൽ 'വിശ്വാസത്തോടെയും സന്തോഷത്തോടെയും' പരിശുദ്ധാത്മാവിനോടൊപ്പം നടക്കാൻ ആമുഖ പ്രസംഗത്തിൽ വിശ്വാസികളെ പാപ്പാ ക്ഷണിച്ചു.തുടർന്ന് സുവിശേഷ വചനത്തെ ആധാരമാക്കി യേശുവിന്റെ ഭൗമിക ശുശ്രൂഷയിലെ ഒരു 'ദുഷ്കരമായ നിമിഷം' മാർപ്പാപ്പ അനുസ്മരിച്ചു.

**യേശുവിന്റെ കൺപാതയിൽ**

'മൂർത്തമായ ഏകാന്തതയുടെ നിമിഷത്തിൽ അതിനപ്പുറം കാണാൻ കഴിവുള്ള ഒരു

www.malankaralibrary.com



നോട്ടം യേശുവിനുണ്ട്. പിതാവിന്റെ ജ്ഞാനത്തെ പുകഴ്ത്തവേ അദൃശ്യമായി വളരുന്ന നന്മയെ വിവേചിച്ചറിയാൻ അവിടത്തേക്കു കഴിയുന്നു. ആർദ്ര മാനസർക്കു സ്വാഗതം ചെയ്യാനാവുന്ന വചനത്തിന്റെ വിത്തും ഇരുട്ടിൽ വഴി കാണിക്കുന്ന ദൈവരാജ്യത്തിന്റെ വെളിച്ചവും ഒപ്പം അനാവൃതമാകുന്നു.' തിരസ്കരണത്തെ അഭിമുഖീകരിച്ചിട്ടും, 'നിരാശയാൽ തടവിലാക്കപ്പെടാൻ' യേശു അനുവദിക്കുന്നില്ല, പകരം പിതാവിലേക്ക് നോക്കുന്നു, 'കൊടുങ്കാറ്റിലും ശാന്തനായി' നിലകൊള്ളുന്നു – മാർപ്പാപ്പ പറഞ്ഞു.

പൊതുസഭയുടെ തുടക്കത്തിൽ മാർപാപ്പ പറഞ്ഞു, 'നമുക്ക് മനുഷ്യ തന്ത്രങ്ങളോ രാഷ്ട്രീയ കണക്കുകൂട്ടലുകളോ പ്രത്യയശാസ്ത്രപരമായ പോരാട്ടങ്ങളോ അടങ്ങിയ തികച്ചും സ്വാഭാവികമായ കാഴ്ചപ്പാട് ആവശ്യമില്ല. പകരം പിതാവിൽ നിന്ന് അനുഗ്രഹം തേടുകയും ക്ഷീണിതരും അടിച്ചമർത്തപ്പെട്ടവരുമായവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന യേശുവിന്റെ ദൃഷ്ടിയോടെ ഒരുമിച്ച് നടക്കാൻ നമ്മൾ ഇവിടെയുണ്ടാവുകയാണാവശ്യം.'

www.malankaralibrary.com



ദൈവത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ചിന്തിക്കുകയും വർത്തമാനകാലത്തെ വിവേചിക്കുകയും ചെയ്യുന്ന ഒരു സഭയായിരിക്കാനാണ് യേശു നമ്മെ ക്ഷണിച്ചതെന്ന് മാർപ്പാപ്പ വിശദീകരിച്ചു. 'ഇന്നത്തെ വെല്ലുവിളികളെയും പ്രശ്നങ്ങളെയും അഭിമുഖീകരിക്കുന്നതിന് ഭിന്നിപ്പും തർക്ക മനോഭാവവും സഭയ്ക്കു മുന്നിൽ തടസമായിക്കൂടാ. മറിച്ച്, സഹവർത്തിത്വ പൂർവം ദൈവത്തിലേക്ക് കണ്ണു തിരിക്കുകയും, ഭയത്തോടും വിനയത്തോടും കൂടെ, അവിടുത്തെ ഏക കർത്താവായി അംഗീകരിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ആരാധിക്കുകയും ചെയ്യണം.'

**'മൗലികമായ ചോദ്യം'**

യശശ്ശരീരനായ ബെനഡിക്ട് പതിനാറാമൻ പാപ്പായെ ഉദ്ധരിച്ചുകൊണ്ട് ഫ്രാൻസിസ്

www.malankaralibrary.com

മാർപാപ്പ നിരീക്ഷിച്ചു: ഇന്നത്തെ ജനങ്ങളോട് ദൈവം വെളിപ്പെടുത്തിയ യാഥാർത്ഥ്യങ്ങൾ രക്ഷയ്ക്കു വഴി തെളിക്കുമാറ് നമുക്ക് എങ്ങനെ ആശയവിനിമയം ചെയ്യാമെന്നതാണ് സിനഡ് അഭിമുഖീകരിക്കുന്ന 'മൗലികമായ ചോദ്യം'. തന്റെ ജീവിതത്തിലുടനീളം പിതാവായ ദൈവത്തിന്റെ സ്വാഗത നോട്ടം ഏറ്റവും ദുർബ്ബലരിലേക്കും കഷ്ടപ്പെടുന്നവരിലേക്കും ഉപേക്ഷിക്കപ്പെട്ടവരിലേക്കും സ്വീകരിച്ചേകി യേശു.ഊഷ്മള സ്വാഗതമേകുന്ന ഈ നോട്ടത്തിലൂടെ സ്വാഗതാർഹമായ ഒരു സഭ യാഥാർത്ഥ്യമാക്കാനും യേശു നമ്മെ ക്ഷണിക്കുന്നു. ഭയമില്ലാതെ സഹവസിക്കാൻ അനുവദിക്കുന്ന ആന്തരിക മനോഭാവത്തിലേക്കും വിളിക്കുന്നുണ്ട് യേശു.

ദൈവജനമെന്ന നിലയിൽ നാം ഒരുമിച്ചു നടത്തുന്ന മനോഹര യാത്രയാണിത്. 'പരിശുദ്ധാത്മാവിലുള്ള ഈ യാത്രയിൽ' അഥവാ സിനഡൽ സംഭാഷണത്തിൽ, കർത്താവുമൊത്ത് ഇന്നത്തെ വെല്ലുവിളികളെ നോക്കിക്കാണാൻ ശ്രമിക്കാം. നമുക്ക് കർത്താവുമായുള്ള ഐക്യത്തിലും സൗഹൃദത്തിലും വളരാം. അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ആഘോഷിക്കുന്ന വേളയാണെന്നത് അനുസ്മരിച്ചുകൊണ്ട് ആ വിശുദ്ധന്റെ പാത പിന്തുടരാൻ ദൈവജനത്തെ പാപ്പാ ക്ഷണിച്ചു.

### സിനഡ് രാഷ്ട്രീയ സമ്മേളനമല്ല

'പോയി എന്റെ പള്ളി നന്നാക്കുക' എന്ന് യേശു വിശുദ്ധ ഫ്രാൻസിസിനോട് ആഹ്വാനം ചെയ്തു. 'ഇത് നമ്മെ ഓർമ്മിപ്പിക്കാൻ സിനഡ് സഹായിക്കുന്നു.നമ്മുടെ അമ്മയായ സഭയ്ക്ക് എപ്പോഴും ശുദ്ധീകരണം ആവശ്യമാണ്".സുവിശേഷത്തിന്റെ ആയുധങ്ങളായ വിനയവും ഐക്യവും പ്രാർത്ഥനയും ദാനധർമ്മവും ആകണം വിശ്വാസികൾ അണിയേണ്ടതെന്നും പാപ്പാ ഓർമ്മിപ്പിച്ചു. പ്രസംഗം ഉപസംഹരിച്ചുകൊണ്ട്, ഫ്രാൻസിസ് മാർപാപ്പ ഒരിക്കൽ കൂടി അടിവരയിട്ടു പറഞ്ഞു: സിനഡ് 'ഒരു രാഷ്ട്രീയ സമ്മേളനമല്ല, മറിച്ച് ആത്മാവിലുള്ള സംഗമമാണ്; ധ്രുവീകരിക്കപ്പെട്ട പാർലമെന്റല്ല, മറിച്ച് കൃപയുടെയും കൂട്ടായ്മയുടെയും ഇടമാണ്.

പ്രവചനങ്ങളെയും നിഷേധാത്മകതയെയും മറികടക്കുന്ന പുതിയ എന്തെങ്കിലും സൃഷ്ടിച്ചുകൊണ്ട് പരിശുദ്ധാത്മാവ് നമ്മുടെ പ്രതീക്ഷകളെ പലപ്പോഴും തകർക്കുന്നുവെന്ന് മാർപ്പാപ്പ ചൂണ്ടിക്കാട്ടി.' അതിനാൽ, നമുക്ക് നായകനായ പരിശുദ്ധാത്മാവിലേക്ക് നമ്മെത്തന്നെ തുറക്കാം. നമുക്ക് പരിശുദ്ധാത്മാവിനോടൊപ്പം വിശ്വാസത്തോടെയും സന്തോഷത്തോടെയും നടക്കാം.' സഭയ്ക്കും ഫ്രാൻസിസ് മാർപാപ്പയ്ക്കും ബിഷപ്പുമാർക്കും അജഗണത്തിനും സാമൂഹിക നേതാക്കൾക്കും തുടങ്ങി എല്ലാ സ്ത്രീപുരുഷന്മാർക്കും ദൈവത്തിന്റെ സംരക്ഷണവും അനുഗ്രഹവും അഭ്യർത്ഥിച്ചുകൊണ്ട് പരമ്പരാഗത 'ലാവ്ദെസ് റെജിയേ' ഗീതത്തിന്റെ ആധുനിക പതിപ്പിന്റെ ആലാപനത്തോടെയായിരുന്നു വിശുദ്ധ കുർബാന ആരംഭിച്ചത്. ❍

കെ. സി. ബി. സി. മീഡിയകമ്മീഷൻ
മധുരം സായന്തനം
2023 ഒക്ടോബർ 20 വെള്ളി 4 മണിക്ക്

www.malankaralibrary.com

ഇറ്റാ നഗർ രൂപതാധ്യക്ഷനായി
അഭിഷിക്തനായ
കോതമംഗലം രൂപതാംഗം
മാർ ബെന്നി വറുഗീസ് എടത്തട്ടേൽ പിതാവിന്

# പ്രാർത്ഥനാശംസകൾ





കോതമംഗലം രൂപതാധ്യക്ഷൻ

**ബിഷപ്പ് മാർ ജോർജ്**
**മഠത്തിക്കണ്ടത്തിലും**
**രൂപതാംഗങ്ങളും**

YouTube

www.malankaralibrary.com

# ഈശോ നിങ്ങളെ വിളിക്കുന്നു




19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



**നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...**

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

www.malankaralibrary.com



# പുതു ചരിത്രമെഴുതാൻ അഞ്ച് സന്യസ്തർ

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



മെത്രാൻ സിനഡിന്റെ പതിനാറാമത് സാധാരണ പൊതുസമ്മേളനം നടക്കുമ്പോൾ, ചരിത്രത്തിലാദ്യമായി അഞ്ച് സന്യസ്തകളും ആദ്യ സെഷനിൽ പങ്കെടുക്കും. സന്യസ്ത സമൂഹ ജനറൽ സുപ്പീരിയർമാരുടെ അന്താരാ ഷ്ട്ര യൂണിയന്റെ പ്രസിഡന്റ് സി. മേരി ബറോൺ ആണ് ഇത് സംബന്ധിച്ച വിവരം പത്രക്കുറിപ്പിലൂടെ അറിയിച്ചത്. സന്യസ്തകളുടെ ജനറൽ സുപ്പീരിയർമാരുടെ അന്താരാഷ്ട്ര യൂണിയനിൽ അംഗങ്ങളായുള്ള 2000 കോൺഗ്രിഗേഷനുകളിലെ ആറു ലക്ഷത്തിലധികം സന്യസ്തകളെ പ്രതിനിധീകരിച്ചായിരിക്കും ഈ അഞ്ചു സന്യസ്തകൾ സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡിൽ സംബന്ധിക്കുക.

2014–ൽ നടന്ന കുടുംബങ്ങളെ സംബന്ധിച്ച സിനഡിൽ ഫ്രാൻസിസ് പാപ്പായാണ് തങ്ങളെ ആദ്യമായി ശ്രോതാക്കളെന്ന നിലയിൽ ഒരു സിനഡിലേക്ക് ക്ഷണിച്ചതെന്ന് സി. മേരി ബറോൺ അനുസ്മരിച്ചു. പിന്നീടങ്ങോട്ട് നടന്ന സിനഡുകളിൽ സന്യസ്തകളുടെ ജനറൽ സുപ്പീരിയർമാരുടെ അന്താരാഷ്ട്രയൂണിയൻ പ്രതിനിധികൾക്ക് ശ്രോതാക്കളായി സംബന്ധിക്കുവാൻ അവസരം ലഭിച്ചിരുന്നു. എങ്കിലും, ഇത്തവണ പൂർണ്ണമായ അംഗത്വത്തോടെ തങ്ങൾക്ക് പങ്കെടുക്കുവാനുള്ള സാഹചര്യമാണ് പാപ്പാ ഒരുക്കിയതെന്നും അതിന് തങ്ങൾ നന്ദിയുള്ളവരാണെന്നും സി. ബറോൺ അറിയിച്ചു. സിനഡിന്റെ

ഔദ്യോഗികരേഖകളാകാൻ പോകുന്ന തീരുമാനങ്ങൾ രൂപീകരിക്കുന്നതിനായുള്ള ചർച്ചകളിൽ തങ്ങളുടേതായ സംഭാവനകൾ നൽകുവാനാണ് ഇതുവഴി അവസരം ഉള വാകുന്നതെന്നും യൂണിയൻ പ്രസിഡൻ്റ് എടുത്തു പറഞ്ഞു. സി. മേരി ബറോണിനൊപ്പം ജനറൽ സുപ്പീരിയർമാരുടെ അന്താരാഷ്ട്ര യൂണിയൻ്റെ എക്സിക്യൂട്ടീവ് സെക്രട്ടറി സി. പാത്രീസ്യ മുറേ , സി. എലിസബത്ത് മേരി ഡേവിസ് , സി.എലീസേ ഇസേരിമാന, സി. മരിയ നിർമാലിനി എന്നിവരായിരിക്കും സിനഡിൻ്റെ ആദ്യ സെഷനിൽ സംബന്ധി ക്കുക. മറ്റു പുരുഷസ്വരങ്ങൾക്കിടയിൽ, ഇന്നത്തെ ലോകത്തുനിന്നുള്ള അനേകരുടെ സാക്ഷ്യത്തിൻ്റെ കൂടി അനുഭവത്തിൽ നിന്നുകൊണ്ട്, പ്രവാചകസ്വരമായി സംഭാവന ചെയ്യാൻ തങ്ങൾക്കും സാധിക്കുമെന്നാണ് ജനറൽ സുപ്പീരിയർമാരുടെ അന്താരാഷ്ട്ര യൂണിയൻ പ്രതീക്ഷിക്കുന്നതെന്ന് സി. ബറോൺ കൂട്ടിച്ചേർത്തു.തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും, ഒരു സിനഡൽ സഭയെന്ന ആശയം യാഥാർഥ്യമാകുവാനായി ഒരുമിച്ച് സ്വപ്നങ്ങൾ കാണാനുമായാണ് ഈ സിനഡിൽ സജീവ അംഗങ്ങളാകുവാൻ തങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നതെന്നും, തങ്ങളുടെ കഴിവുകളിൽ ആത്മവിശ്വാസമുള്ളപ്പോഴും എളിമയുടെയും സഹ ഉത്തരവാദിത്വത്തോടെയും ഈ യാത്ര നടത്താനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും പത്രക്കുറിപ്പിലൂടെ സിസ്റ്റർ വിശദീകരിച്ചു.

**'സിൻ –ഹൊദോസ്"**

സിനഡ് അഥവാ സൂനഹദോസ് എന്ന വാക്ക് ഉരുത്തിരിയുന്നത് രണ്ടു ഗ്രീക്ക് വാക്കു കളിൽനിന്നുമാണ്: സിൻ –ഹൊദോസ്. ഇതിനർത്ഥം ഒരുമിച്ചു നടക്കുക എന്നാണ്. ഈ അർത്ഥമാണ് സിനഡിനെ മറ്റു പൊതുതലങ്ങളിലുള്ള സമ്മേളനങ്ങളിൽനിന്നും വ്യത്യസ്തവും,വ്യതിരിക്തവുമാക്കുന്നത്. മെത്രാന്മാർക്ക് തങ്ങൾക്കിടയിലും, പാപ്പായോടും ചേർന്ന് നിന്നുകൊണ്ട് ആലോചനകൾ കൊണ്ടും,സഹകരണം മൂലവും പരസ്പരം ആശ യങ്ങൾ കൈമാറിക്കൊണ്ട് പൊതുനന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ള വഴികൾ തുറക്കുവാ നും അതുവഴി ഒരുമിച്ചു നടക്കുവാനുമുള്ള ഒരു ഇടം കൂടിയാണ് സിനഡിൻ്റെ വേദി.

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം സാർവത്രിക സഭയുടെ ഭരണവുമായി ബന്ധപ്പെട്ട് ഉപദേശപരവും അജപാലനപരവുമായ വിഷയങ്ങളിൽ പാപ്പായോടു ചേർന്ന് നിന്നുകൊണ്ട് സാർവത്രികസഭയിലെ മെത്രാന്മാരുടെ പ്രതിനിധികളുടെ സമ്മേളനമാ ണ് മെത്രാന്മാരുടെ സിനഡെന്ന നിലയിൽ 1965 സെപ്റ്റംബർ പതിനഞ്ചാം തീയതി അുീേീഹെശരമ ടീഹഹശരശൗറീ എന്ന മൊത്തു പ്രോപ്രിയോ വഴിയായി പോൾ ആറാമൻ പാപ്പാ സ്ഥാപിച്ചത്. സഭയുടെ ആവശ്യങ്ങൾക്കനുസരിച്ച്, പൊതുനന്മയ്ക്കുവേ ണ്ടി അനുയോജ്യമെന്ന് തോന്നുന്ന അവസരത്തിൽ പാപ്പാ ഈ സമ്മേളനം വിളിച്ചുകൂ ട്ടുന്നു.

വിശുദ്ധ കുർബാന, ദൈവ വചനം, മധ്യപൂർവേഷ്യയിലെ പ്രശ്നങ്ങൾ, നവസുവിശേഷവ ത്ക്കരണം, കുടുംബം, യുവജനങ്ങൾ, ആമസോൺ തുടങ്ങിയ വിഷയങ്ങൾ ഇപ്രകാരം തുറന്ന മനസോടെയും, പൊതുചിന്തകളോടെയും കഴിഞ്ഞ നാളുകളിലെ സിനഡുകൾ ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ ഈ സിനഡുകളിൽനിന്നും വ്യത്യസ്തമായി പാപ്പായുടെ ആഴ മേറിയ ധ്യാനത്തിൽ ഉരുത്തിരിഞ്ഞുവന്നതാണ് ഈ വർഷത്തെ സിനഡ്.

**കേൾക്കുന്ന സഭയാണ് നാം**

സഭയെന്ന കാഴ്ചപ്പാടിന് പലപ്പോഴും പുറമെ നിന്ന് അഭിപ്രായം പറയുന്നവരായി മാറുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിലാണ് സഭയാകുവാനും, സഭാത്മകമായി ചിന്തിക്കുവാ

www.malankaralibrary.com



നമുള്ള അവസരം ഈ സിനഡിൽ ഒരുങ്ങിയിട്ടുള്ളത്. ഫ്രാൻസിസ് പാപ്പാ ഇപ്രകാരം ഓർമ്മിപ്പിച്ചിരുന്നു: സിനഡൽ സഭയെന്നാൽ കേൾക്കുന്ന സഭയാണ്, ഇത് പരസ്പരമുള്ള ശ്രവണമാണ്. എല്ലാവർക്കും പരസ്പരം എന്തെങ്കിലും പഠിക്കാനുണ്ടാകും. ഒരാൾ മറ്റൊരാളെ ശ്രദ്ധിക്കുമ്പോൾ എല്ലാവരും പൊതുവായി പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നു. ഇത് നമ്മുടെ സ്വന്തമായ വഴികൾ ഉപേക്ഷിച്ചുകൊണ്ട് സഭയെന്ന നിലയിൽ പൊതുവായ വഴിയിൽ യാത്ര തുടരുവാൻ നമ്മെ സഹായിക്കുന്നു.

ഏതെങ്കിലും ഒരു പ്രത്യേക പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിനു പകരം, സഭയുടെ യഥാർത്ഥ സവിശേഷതയെ ജീവിതത്തിൽ സ്വാംശീകരിക്കുവാനുള്ള ഒരു വിളിയാണ് ഇത്തവണത്തെ സിനഡ് സഭയ്ക്ക് നൽകുക. അതായത് ഇന്നത്തെ ലൗകിക യാഥാർഥ്യങ്ങളിൽ ദൈവത്തിന്റെ വിളിക്കനുസരണം ഒരു സഭയായി മാറുവാൻ നമ്മെത്തന്നെ വിട്ടുകൊടുക്കുക, ഇതാണ് സിനഡിന്റെ ആശയം.

ഇത് ഒരു നിശ്ചിത സമയപരിധിയിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല, മറിച്ച് എല്ലാ ദൈവജനങ്ങൾക്കും വേണ്ടിയുള്ള മൂന്നു വർഷത്തെ ഒരു സിനഡ് പ്രക്രിയയാണ്.ആരെയും ഒഴിവാക്കാതെ എല്ലാവരെയും ചേർത്തുനിർത്തുന്ന സഭയുടെ മാതൃത്വം നിറഞ്ഞ സ്വഭാവമാണ് ഇതിലൂടെ വെളിപ്പെടുന്നത്.

**ഐക്യത്തിന്റെ മാറ്റൊലി**

മെത്രാന്മാർക്കു പുറമെ മറ്റുള്ളവർക്കും വോട്ടവകാശമുള്ള ഒരു സിനഡെന്ന പ്രത്യേകതയും ഇതിനുണ്ട്. സിനഡ് എന്നാൽ വത്തിക്കാൻ എന്ന ആശയത്തിന് പകരം സഭ മുഴുവൻ എന്ന ബൃഹത്തും,ഉൾക്കൊള്ളുന്നതുമായ ഒരു സന്ദേശം ലോകത്തിനു നൽകുവാനും ഇത്തവണത്തെ സിനഡ് സഹായിക്കുന്നു.അതിനാൽ വാക്കുകൾക്കുമപ്പുറം ധ്യാനവും, പ്രാർത്ഥനയും, നിശ്ശബ്ദതയുമാണ് സിനഡാലിറ്റിയിന്മേലുള്ള സിനഡിന്റെ

www.malankaralibrary.com

അന്തഃസത്ത. വാക്കുകൾ കൊണ്ട് വിസ്മയം തീർത്തുകൊണ്ട് പ്രമാണങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സഭയുടെ ജീവനായ ഐക്യത്തിന്റെ മാറ്റൊലി പ്രായോഗികതലത്തിൽ ഉയർന്നുവരുവാൻ ഈ സിനഡ് എല്ലാവരെയും സഹായിക്കണമെന്ന ആഗ്രഹം പാപ്പാ പ്രകടിപ്പിച്ചിരുന്നു.

**സഭയുടെ പര്യായമാണ് സിനഡ്**

വിശുദ്ധ പത്രോസിന്റെ പിൻഗാമികളായ പാപ്പാമാർ സഭയിൽ എപ്പോഴും ആവർത്തിച്ചാവശ്യപ്പെടുന്ന ഒന്നാണ് ദൈവജനം പൊതുവായ യാത്രയിൽ ചേർന്ന് നിൽക്കേണ്ടവരാണെന്ന്. ഇതിനർത്ഥം എല്ലാവരും ഒരേ ജീവിതസാഹചര്യങ്ങളിൽ ഉള്ളവർ ആയിരിക്കണം എന്നല്ല.മറിച്ച് നാനാത്വത്തിൽ ഏകത്വം എന്ന നിലയിൽ ദൈവരാജ്യം ലക്ഷ്യമാക്കി യാത്ര ചെയ്യുക എന്നതാണ്.വിശുദ്ധ ജോൺ ക്രിസോസ്റ്റം ഓർമ്മിപ്പിക്കുന്നതുപോലെ സഭയുടെ ഒരു പര്യായമാണ് സിനഡ് എന്നത്, കാരണം സഭ ഈ പൊതുയാത്രയെ ഉൾക്കൊള്ളുന്ന ഒരു യാഥാർഥ്യമാണ്.
ലോകമെമ്പാടുമുള്ള ദൈവജനമെന്നത് സ്വർഗം ലക്ഷ്യം വച്ചുകൊണ്ടുള്ള തീർത്ഥാടനത്തിലാണെന്ന ആദിമ സഭയുടെ കാഴ്ചപ്പാടാണ് ഇന്നും തുടർന്ന് പോരുന്നത്.ഇപ്രകാരം സഭയെ അതിന്റെ ആഴത്തിലുള്ള വേരുകളിൽ ഒരിക്കൽക്കൂടി നവീകരിക്കുന്നതിനുള്ള ഒരു വേദിയാണ് 'സിനഡാലിറ്റി'യിൽ ഊന്നിയുള്ള സിനഡ്.അങ്ങനെ സഭയിൽ കൂടുതൽ ഐക്യപ്പെടുവാനും,ലോകത്തിൽ വിശ്വാസികളെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം പൂർണ്ണമായി നിറവേറ്റുവാനും എല്ലാവരെയും ഓർമ്മിപ്പിക്കുവാനുള്ള ഒരു അവസരം കൂടിയാണ് സിനഡ്.

**സിനഡ് പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മ**

സഭയിലുള്ള ഒരുവഴിയും മനുഷ്യനിർമ്മിതമല്ല. മറിച്ചായിരുന്നെങ്കിൽ മണൽപ്പുറത്തു പണിത ഭവനം പോലെ സഭ ആദ്യ വർഷങ്ങളിൽ തന്നെ ശിഥിലമാകുമായിരുന്നു. എന്നാൽ പാറപ്പുറത്തു പണിത ഭവനം പോലെ ഇന്നും രണ്ടായിരം വർഷങ്ങൾക്കു ശേഷവും സഭ ദൃഢമായി മുൻപോട്ടു പോകുന്നുവെങ്കിൽ, നാരകീയ ശക്തികൾക്ക് തോൽപ്പിക്കുവാൻ സാധിക്കാത്തവിധം പരിശുദ്ധാത്മാവ് എന്ന അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെട്ടതും, ആത്മാവിന്റെ പ്രേരണയാൽ സഭ മുൻപോട്ടു പോകുന്നതും കൊണ്ടാണ്. സഭയെന്നാൽ സിനഡാണെന്ന വിശുദ്ധ ജോൺ ക്രിസോസ്റ്റത്തിന്റെ വാക്കുകൾ പ്രകാരം സഭയെ താങ്ങിനിർത്തുന്ന പരിശുദ്ധാത്മാവിന്റെ ശക്തി സിനഡിൽ പ്രതിജ്വലിക്കുന്നു. ഇതാണ് രാജ്യങ്ങളുടെ അതിർത്തികൾക്കും, സംസ്‌കാരങ്ങളുടെ വിഭിന്നതയ്ക്കും മുകളിൽ സിനഡിൽ സംബന്ധിക്കുന്ന അംഗങ്ങളുടെ ഹൃദയങ്ങളെ തമ്മിൽ കൂട്ടായ്മയിൽ ചേർത്ത് നിർത്തുന്ന ക്രിസ്തീയ രഹസ്യം. അതിനാൽ സിനഡ് എന്നാൽ പ്രാർത്ഥിക്കുന്ന കൂട്ടായ്മയാണ്. ചിലപ്പോഴെങ്കിലും സിനഡിനെ ഓരോ രാജ്യത്തെയും ഭരണക്രമത്തിലെ പാർലമെന്റിനോട് ഉപമിക്കാറുണ്ട് .ഭരണ സന്ദിഗ്ദ്ധാവസ്ഥകളിൽ ഉത്തരം കാണാതെ വിഷമിക്കുമ്പോൾ മറ്റുള്ളവരുടെ സഹായം തേടുന്ന ഒരു അസംബ്ലി എന്നോണം സിനഡിന്റെ നോക്കിക്കാണുന്ന സമൂഹവും, മാധ്യമപ്രവർത്തകരും പല കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. എന്നാൽ സിനഡിന്റെ ചൈതന്യം മറ്റൊന്നാണെന്ന് പാപ്പാമാർ പലപ്പോഴായി പഠിപ്പിച്ചു. മുൻ അഭിപ്രായങ്ങളുടെ കൂട്ടലും കിഴിക്കലും നടത്തുന്ന ബീജഗണിത കണക്കുകളോ, ടെലിവിഷൻ ഷോയോ, ദി ട്രൂ മാൻ ഷോയോ ഒന്നും അല്ല സിനഡെന്ന് വത്തിക്കാൻ കമ്മ്യൂണിക്കേഷൻ ഡിക്കസ്റ്ററിയുടെ പ്രീഫെക്ട് പൗലോ

www.malankaralibrary.com



റൂഫിനി മാധ്യമപ്രവർത്തകരുമായുള്ള കൂടിക്കാഴ്ചയിൽ വ്യക്തമാക്കിയിരുന്നു. സഭയുടെ പൊതുനന്മയ്ക്കുവേണ്ടി ഒരുമിച്ചു പ്രാർത്ഥിക്കുവാനുള്ളതാണ്.വിശ്വാസത്തിലും, കൂട്ടായ്മയിലും,പ്രാർത്ഥനയിലും, നിശ്ശബ്ദതയിലും, ശ്രവണത്തിലും അടിയുറച്ചുനിന്നുകൊണ്ട് ആത്മാവിൽ സന്ദേശങ്ങളെ വിവേചിച്ചറിയുവാനുള്ള ഒരു സമയമാണ് സിനഡ്. അതിനാലാണ് ഫ്രാൻസിസ് പാപ്പാ ഇപ്രകാരം പറഞ്ഞത്: തീരുമാനമെടുക്കുന്ന പ്രക്രിയകൾ പ്രതിസന്ധികളിൽ ആയിരിക്കുമ്പോൾ സഭ അതിനെ മറികടക്കുവാൻ ഒത്തുകൂടി പ്രാർത്ഥിക്കുന്നു. അതിനാൽ സിനഡാൽ ചിന്തയുടെ രൂപീകരണത്തിന് കാരണമാകുന്ന സഭയുടെ യഥാർത്ഥ ചൈതന്യം മനസിലാക്കുന്നതാണ് ഏറെ പ്രധാനം. ഇതിന് ഏറെ സഹായിക്കുന്ന ഒരു ഘടകമാണ് ധ്യാനാത്മകമായ നിശബ്ദത.

പീലാത്തോസിനു മുൻപിലും, ഹേറോദേസിനു മുൻപിലും യേശു പാലിച്ച നിശബ്ദത, അത് വെറും വാക്കുകളുടെ അഭാവമായിരുന്നില്ല, മറിച്ച് വരാനിരിക്കുന്ന രക്ഷയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു. അത് അസത്യത്തിന്റെ നിശ്ശബ്ദതയായിരുന്നില്ല മറിച്ച് സത്യത്തിന്റെ ശക്തിയേറിയ സന്ദേശമായിരുന്നു.ഈ നിശബ്ദതയാണ് സിനഡിന്റെ അവസരത്തിൽ ഫ്രാൻസിസ് പാപ്പാ എല്ലാവരോടും അഭ്യർത്ഥിക്കുന്നത്.

ലോകത്തിന്റെ പലകോണുകളിൽനിന്നുള്ള ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ ചർച്ചയല്ല സിനഡ്. മറിച്ച് രണ്ടായിരം വർഷങ്ങൾക്കു മുൻപ് തന്റെ കൂടെ ആയിരിക്കുവാനും, തന്റെ വചനം പ്രസംഗിക്കുവാനും അയച്ച ക്രിസ്തുവിന്റെ ജീവിതചൈതന്യം അരക്കിട്ടുറപ്പിക്കുവാനുള്ള സമയമാണ്. നിശബ്ദതയിൽ തന്റെ പിതാവിനോടൊപ്പം പ്രാർത്ഥനയിൽ ചെലവഴിച്ച യേശുവിന്റെ മാതൃകയാണ് സിൻഡിന്റെയും ചൈതന്യം. രാത്രിയിലും, വിജനമായ സ്ഥലങ്ങളിലേക്കും പ്രാർത്ഥനയ്ക്കായി പിൻവാങ്ങിയ യേശു, തന്മൂലമാണ് കുരിശിലൂടെ ലോകത്തിനു രക്ഷ നൽകിയത്. സിനഡിൽ നിശബ്ദമായ പ്രാർത്ഥനയോടെയുള്ള ഓരോരുത്തരുടെയും ഭാഗഭാഗിത്വം സഭയുടെ വിശ്വാസ വളർച്ചയിൽ ഏറെ പങ്കുവഹിക്കുമെന്ന പ്രതീക്ഷയാണെങ്ങുമുള്ളത്. ശബ്ദ കോലാഹലങ്ങൾ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾക്കു പകരം പ്രാർത്ഥനയുടെ നിശബ്ദത ജനിപ്പിക്കുന്ന സാഹോദര്യത്തിന്റെ കൂട്ടായ്മ ഈ സിനഡിൽ പ്രതിഫലിക്കണമെന്ന പ്രാർത്ഥനയുമുയരുന്നു, ലോകവ്യാപകമായി. ❍

www.malankaralibrary.com




# അസീസി തിരുനാളിൽ 'ലൗദാത്തെ ദേയും'

**ഫാ. നീൽ ജോർജ് ചടയംമുറി**
ഇറ്റലി



'ലൗദാത്തോ സി' ചാക്രിക ലേഖനത്തിന്റെ രണ്ടാം ഭാഗമായി 'ലൗദാത്തെ ദേയും' അപ്പസ്തോലിക പ്രബോധനം ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. 2015 ൽ കാലാവസ്ഥാ പ്രതിസന്ധിയെ പറ്റി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും, സ്രഷ്ടാവിനെയും,സൃഷ്ടിയെയും കൂടുതൽ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനുമുള്ള ആഹ്വാനം നൽകിക്കൊണ്ടാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇരകളാകുവാൻ വിളിക്കപ്പെട്ടവരായ ദുർബല ജനവിഭാഗത്തിന്റെ സ്വരമായി പാപ്പാ ലേഖനങ്ങൾ എഴുതിയിരിക്കുന്നത്.

സൃഷ്ടിയിൽ സ്രഷ്ടാവിന്റെ മഹനീയത ദർശിക്കുവാനും, അവനെ സ്തുതിക്കുവാനും പഠിപ്പിക്കുകയും, ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ദിനമായ ഒക്ടോബർ നാലിനാണ് 'ലൗദാത്തോ സി' ചാക്രിക ലേഖനത്തിന്റെ രണ്ടാം ഭാഗമായ 'ലൗദാത്തെ ദേയും' അപ്പസ്തോലിക പ്രബോധനം പ്രസിദ്ധീകരിച്ചത്. പൊതു ഭവനത്തെ സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധത ക്രിസ്തീയ വിശ്വാസത്തിൽ നിന്നുമുയരുന്നുവെന്ന യാഥാർത്ഥ്യം അടിവരയിടുന്നു 'ലൗദാത്തെ ദേയും'. ദൈവത്തിനു പകരം തന്നെത്തന്നെ പ്രതിഷ്ഠിക്കുന്ന മനുഷ്യൻ തനിക്കുതന്നെ അപകടം ക്ഷണിച്ചുവരുത്തുന്നുവെന്ന മുന്നറിയിപ്പ് ഈ അപ്പസ്തോലിക പ്രബോധനം നൽകുന്നു. ആറു അധ്യായങ്ങളും 73 ഖണ്ഡികകളും ഉൾക്കൊള്ളുന്നതാണിത്. രണ്ടു മാസങ്ങൾക്കകം ദുബായിൽ നടക്കുന്ന COP 28 സമ്മേളനത്തിൽ സംബന്ധിക്കുന്നവരുടെ ഭാഗത്തു നിന്ന് കാലാവസ്ഥാ പ്രതിസന്ധി പരിഹാരത്തിന് ആരോഗ്യപരമായ സമീപനങ്ങൾ ഉണ്ടാകുവാനും ലേഖനം ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com




എന്നാൽ കൂടുതൽ കുട്ടികൾക്ക് ജന്മം നൽകുന്ന ദരിദ്രരായ ആളുകളാണ് ഈ പ്രതിസന്ധികൾക്ക് കാരണമെന്ന് ആരോപിക്കുന്ന വികസിത ലോകം ആത്മശോധന ചെയ്യണമെന്നും, പ്രകൃതിയിന്മേലുള്ള ചൂഷണം അവസാനിപ്പിക്കുവാൻ തയാറാവണമെന്നും പാപ്പാ ആവർത്തിച്ചാവശ്യപ്പെടുന്നു.കാലാവസ്ഥാ വ്യതിയാനത്തിന്റെ ഉത്ഭവം മനുഷ്യനെ മാറ്റി നിർത്തി ഇനിയും അന്വേഷിച്ചു പോകുന്നത് ആരോഗ്യകരമല്ലായെന്നും, ഈ പ്രതിസന്ധി മറികടക്കുവാൻ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിശാലമായ കാഴ്ചപ്പാടോടുകൂടി എല്ലാവരും ഒറ്റക്കെട്ടായി പരിശ്രമിക്കണമെന്നും പാപ്പാ അഭിപ്രായപ്പെടുന്നു.

തുടർന്നുള്ള അധ്യായങ്ങളിൽ മനുഷ്യന്റെ അധികാരത്തിന്റെ ധാർമ്മികത്തകർച്ചയെയും പാപ്പാ ചൂണ്ടിക്കാണിക്കുന്നു.വഞ്ചനകളും വാഗ്ദാനങ്ങളും നൽകി മനുഷ്യരെ ചൂഷണം ചെയ്യുന്ന അധികാരവും ആധിപത്യവും, പാവപ്പെട്ട ജനങ്ങളുടെ ജീവിതം തകർക്കുന്ന പ്രവണതയെയും പാപ്പാ എടുത്തു കാണിക്കുന്നു. അന്താരാഷ്ട്ര തലത്തിലുള്ള നയങ്ങളുടെ ദൗർബല്യതയും പ്രതിസന്ധിയുടെ ഒരു കാരണമായി പാപ്പാ പറയുന്നു. അതിനാൽ ആഗോള പൊതുനന്മ ഉറപ്പാക്കാൻ അധികാരമുള്ള കൂടുതൽ ഫലപ്രദമായ ആഗോള സംഘടനകൾ രംഗത്തേക്ക് കടന്നുവരണമെന്ന് ആഹ്വാനം ചെയ്യുന്നു.പുതിയ ആഗോള സാഹചര്യത്തിന്റെ വെളിച്ചത്തിൽ ഒരു പുതിയ ബഹുമുഖവാദം പുനഃസൃഷ്ടിക്കുക എന്നതാണ് ഇന്നത്തെ വെല്ലുവിളി, പാപ്പാ പറയുന്നു. അതുപോലെ എല്ലാവരുടെയും ആവശ്യങ്ങൾ സംരക്ഷിക്കാനുതകുംവണ്ണം കൂട്ടായി പരിശ്രമിക്കണമെന്ന ആഹ്വാനവും നൽകുന്നു. ഇതിനുള്ള ഒരു വഴിത്തിരിവായി COP 28 സമ്മേളനം മാറട്ടെയെന്നും ആശംസിക്കുന്നുണ്ട്.

സാമ്പത്തിക താൽപ്പര്യങ്ങൾക്കായി പരിസ്ഥിതി പ്രശ്നത്തെ ലഘൂകരിച്ചുകൊണ്ട് നടത്തുന്ന 'നിരുത്തരവാദപരമായ പരിഹാസം' അവസാനിപ്പിക്കാൻ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നു. അതുപോലെ COP 28 സമ്മേളനത്തിൽ സംസാരിക്കുന്നവർ ഏതെങ്കിലും രാജ്യത്തിന്റെയോ കമ്പനിയുടെയോ പ്രത്യേക താൽപ്പര്യങ്ങളേക്കാൾ, പൊതുനന്മയെയും, കുട്ടികളുടെ ഭാവിയെയും ലക്ഷ്യം വച്ചുകൊണ്ട് ചിന്തിക്കുവാനും അങ്ങനെ അവരുടെ കുലീനത കാണിക്കുവാനും താൽപ്പര്യമെടുക്കണം.

അവസാനം ഈ പ്രയത്നങ്ങളിൽ ക്രിസ്ത്യാനി എന്ന നിലയിൽ വിശ്വാസികൾക്കുള്ള വലിയ പ്രതിബദ്ധതയും, അവയെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാനുള്ള ഉത്തരാവാദിത്വവും പാപ്പാ ഓർമിപ്പിക്കുന്നു.നിരുത്തരവാദപരമായ ജീവിതശൈലിയിലെ വ്യാപകമായ മാറ്റം ഭാവിയിൽ അനിവാര്യമായ തീരുമാനങ്ങളോടെ, പരസ്പര പരിചരണത്തിന്റെ പാതയിൽ വലിയ ഫലങ്ങൾ പുറപ്പെടുവിക്കുമെന്ന ശുഭപ്രതീക്ഷയും പാപ്പാ തന്റെ അപ്പസ്തോലിക പ്രബോധനത്തിലൂടെ പങ്കുവയ്ക്കുന്നു. ❍

www.malankaralibrary.com



# 'ജീവന്റെ മൂല്യം മറന്നുള്ള കളി തടയേണ്ടതാവശ്യമെന്ന് ഫ്രാൻസിസ് പാപ്പ'

ഫ്രഞ്ച് പര്യടനം



**എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ

'ആശാസ്യമല്ലാത്ത അനുകമ്പ' മുഖമുദ്രയാക്കി ദയാവധത്തെയും ഗർഭച്ഛിദ്രത്തെയും നിയമവിധേയമാക്കണമെന്നു ചിലർ വാദിക്കുന്നതിനെ ഫ്രാൻസിസ് മാർപാപ്പ നിശിതമായി അപലപിച്ചു. 'ജീവിതത്തെ കരുവാക്കിയുള്ള ഇത്തരം കളികൾ' അനുവദിക്കുന്നതിനു മതിയായ ന്യായീകരണമില്ലെന്ന് ഫ്രാൻസിലെ പര്യടനത്തിനു ശേഷം റോമിലേക്കു മടങ്ങവേ വിമാനത്തിലെ മാധ്യമ സമ്മേളനത്തിൽ മാർപ്പാപ്പ ചൂണ്ടിക്കാട്ടി. 'ജീവിതവുമായി നിങ്ങൾ കളിക്കരുത്, തുടക്കത്തിലായാലും അവസാനത്തിലായാലും '– ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞിനെ വളരാൻ അനുവദിക്കരുത് എന്നതായാലും രോഗത്തിലും വാർദ്ധക്യത്തിലും ദയാവധമാകാമെന്നതായാലും മാനുഷിക നിയമവുമായി ബന്ധപ്പെട്ടുനിൽക്കുന്നു; ഇത് കേവലം വിശ്വാസപരമായ കാര്യമല്ല. ഇതിനു പിന്നിലുള്ളത് 'മോശം അനുകമ്പ'യാണെന്നും പാപ്പ നിരീക്ഷിച്ചു. ഇത്തവണത്തെ അപ്പസ്തോലിക പര്യടനത്തിനിടെ, താനുമായി ഫ്രഞ്ച് പ്രസിഡന്റ് മാക്രോൺ കൂടിക്കാഴ്ചയ്ക്കെത്തിയപ്പോൾ ദയാവധത്തെപ്പറ്റി ചർച്ച ചെയ്തില്ലെന്ന് ചോദ്യത്തിനുള്ള മറുപടിയിൽ പാപ്പാ അറിയിച്ചു. എന്നാൽ ഫ്രഞ്ച് പ്രസിഡന്റ് കഴിഞ്ഞ വർഷം വത്തിക്കാനിൽ വന്നപ്പോൾ ഈ വിഷയത്തിൽ താൻ 'വ്യക്തത' പ്രകടിപ്പിച്ചിരുന്നു. രാജ്യത്ത് ആത്മഹത്യയും ദയാവധവും നിയമവിധേയമാക്കാൻ വഴിതെളിക്കുന്ന വിഷയങ്ങളിൽ വിവാദ ബിൽ പാസാക്കാനുള്ള തയ്യാറെടുപ്പിലാണ് ഫ്രഞ്ച് സർക്കാർ. ഇതിന്റെ വോട്ടെടുപ്പ് മാർപാപ്പയുടെ സന്ദർശനം കാരണമാണ് മാറ്റിവച്ചത്.

ജീവൻ സംരക്ഷിക്കപ്പെടണമെന്നത് വെറുമൊരു അഭിപ്രായ പ്രകടനമല്ലെന്നും വേദന എപ്പോഴും തടയണമെന്ന ആശയം സുതാര്യമാണെന്നും ഫ്രാൻസിസ് മാർപാപ്പ

www.malankaralibrary.com



പറഞ്ഞു. മരുന്നുകൾ ഉപയോഗിച്ച് വേദന നിയന്ത്രിക്കാൻ രോഗികളെ സഹായിക്കുന്നതിൽ ശാസ്ത്രം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്.'അതിനാൽ നിങ്ങൾ ജീവൻ വച്ച് കളിക്കരുത്.'– പാപ്പ ആവർത്തിച്ചു. 'ദൈവത്തിനെതിരായ പാപം' എന്ന പരാമർശത്തോടെ മാർപാപ്പ ദയാവധത്തെ നിരന്തരം അപലപിച്ചിട്ടുണ്ട്. കത്തോലിക്കാ രാജ്യമായ പോർച്ചുഗലിലും ദയാവധം നിയമവിധേയമാക്കിയപ്പോൾ പാപ്പ കടുത്ത വേദനയാണു പങ്കുവച്ചത്. 'പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട രാജ്യത്തിൽ കൊല്ലാനുള്ള ഒരു നിയമം നടപ്പാക്കി'– പാപ്പ അന്നു പറഞ്ഞതിങ്ങനെ.

**'യുദ്ധം മുതലെടുത്ത് ആയുധക്കച്ചവടം'**

ഉക്രെയ്ൻ യുദ്ധം മുതലെടുത്ത് ചില രാജ്യങ്ങൾ ആയുധക്കച്ചവട രംഗത്തു നടത്തുന്ന കളികളെ ഫ്രാൻസിസ് മാർപാപ്പ അപലപിച്ചു. ഉക്രെയ്ൻ, റഷ്യ തർക്ക പ്രശ്നത്തിനു പുറമേ ചിലരുടെ ആയുധക്കച്ചവട താൽപര്യങ്ങളും ഈ യുദ്ധത്തിൽ കാണാൻ കഴിയുന്നതായി യുദ്ധത്തെക്കുറിച്ചുള്ള മാധ്യമ പ്രവർത്തകന്റെ ചോദ്യത്തിനു മറുപടി നൽകവേ മാർപാപ്പ നിരീക്ഷിച്ചു. യുദ്ധത്തിനു വിരാമം കുറിക്കുന്നതിനു താൻ നടത്തിയ സമാധാന ശ്രമങ്ങൾ വിജയിക്കാത്തതിൽ മാർപാപ്പ ഖേദം പ്രകടിപ്പിച്ചു. കീവ്, മോസ്കോ, വാഷിങ്ടൻ, ബെയ്ജിങ് എന്നിവിടങ്ങളിലേക്ക് ഇറ്റലിയിൽ നിന്നുള്ള കർദിനാൾ മത്തയോ സുപ്പിയെ സമാധാനചർച്ചയ്ക്ക് അയച്ചെങ്കിലും ദൗത്യം സഫലമായില്ല. രക്തച്ചൊരിച്ചിൽ തുടരാതെ പ്രശ്നം പരിഹരിക്കാനാണ് ഏവരും ശ്രമിക്കേണ്ടതെന്നും ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

**'കുടിയേറ്റക്കാരോടുള്ള നിസ്സംഗത അനീതി'**

ഫ്രാൻസിലെ മാർസെയിൽ മെഡിറ്ററേനിയൻ രാജ്യങ്ങളിൽനിന്നുള്ള ബിഷപ്പുമാരുടെയും യുവാക്കളുടെയും യോഗത്തിൽ പ്രസംഗിക്കവേ കുടിയേറ്റക്കാരോട് സഹിഷ്ണുത കാണിക്കാൻ യൂറോപ്യൻ രാജ്യങ്ങളോട് ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടിരുന്നു. കുടിയേറ്റക്കാരോടുള്ള നിസ്സംഗത അനീതി തന്നെയാണ്; കുടിയേറ്റം അടിയന്തരാവസ്ഥയല്ല. മറിച്ച് നമ്മുടെ കാലത്തെ യാഥാർഥ്യമാണ്. അത് ജ്ഞാനപൂർവമായ ദീർഘവീക്ഷണത്തോടെ നിയന്ത്രിക്കപ്പെടണമെന്ന് മാർപാപ്പ പറഞ്ഞു. ഇറ്റാലിയൻ ദ്വീപായ ലാംപെഡൂസയിൽ വൻ തോതിൽ കുടിയേറ്റക്കാർ എത്തിയതോടെ ചർച്ച വീണ്ടും സജീവമായ സാഹചര്യത്തിലായിരുന്നു മാർപാപ്പയുടെ ആഹ്വാനം. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും സദസ്സിലുണ്ടായിരുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ കണക്കു പ്രകാരം മൂന്നു ദിവസത്തിനകം 199 ബോട്ടുകളിലായി 8500 പേർ ലാംപെഡൂസയിൽ എത്തി. ❍

www.malankaralibrary.com



വി. റപ്പായേൽ മാലാഖയുടെ തീർത്ഥകേന്ദ്രം, ഒല്ലൂർ

# ഒല്ലൂർ സെൻ്റ് ആൻ്റണീസ് ഫൊറോന പള്ളിയിൽ വി.റപ്പായേൽ മാലാഖയുടെ 187-ാം തിരുനാൾ

**2023 ഒക്ടോബർ 22,23,24,25 തിയ്യതികളിൽ**
**എട്ടാമിടം ഒക്ടോബർ 31 ന്**

സ്നേഹമുള്ളവരേ,

1718–ൽ സ്ഥാപിതവും 305 വർഷത്തിൻ്റെ അതിസമ്പന്ന വിശ്വാസ പാരമ്പര്യമുള്ളതും അതിപ്രശസ്തമായ ശില്പചാതുരി കൊണ്ട് ചിന്ന റോമ എന്നറിയപ്പെടുന്നതുമായ, ഒല്ലൂർ സെൻ്റ് ആൻ്റണീസ് ഫൊറോന പള്ളിയിൽ **മുഖ്യ ദൂതരിലൊരുവനായ വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാൾ**, 2023 ഒക്ടോബർ 22, 23, 24, 25 (ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ) തിയ്യതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. നൂറ്റാണ്ടുകളായി ക്ലേശിതരുടെ ആശ്വാസമായും യാത്രക്കാരുടെ സഹയാത്രികനായും വിവാഹതടസ്സങ്ങൾക്കും പൈശാചിക ബന്ധനങ്ങളിലുള്ളവർക്കും പൂർണ്ണ സൗഖ്യദായകനുമായും നിരാലംബരുടേയും നിസ്സഹായരുടേയും ആശാകേന്ദ്രവുമായും ഏവരുടേയും അത്താണിയും ഉദ്ദിഷ്ടകാര്യ മദ്ധ്യസ്ഥനുമായും വർത്തിക്കുന്ന വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാളിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിന് പാത്രീഭൂതരാകാൻ എല്ലാ വിശ്വാസികളേയും ഒല്ലൂർ ഫൊറോന ദേവാലയത്തിലേക്ക് സാദരം ക്ഷണിക്കുന്നു.

ഫാ. മിഥുൻ വടക്കേത്തല
ഫാ. ജോൺപോൾ പുലിക്കോട്ടിൽ Cap. Ofc
സഹ വികാരിമാർ

ഫാ. ജിഫിൻ നീലങ്കാവിൽ CMI (ഗലീലി)
ഫാ. പോൾ മാളിയമ്മാവ് (അഞ്ചേരി)
പ്രീസ്റ്റ്– ഇൻ–ചാർജജ്

ഇ. ജെ. ആൻ്റണി, ഫ്രാൻസീസ് തറയൽ,
ഡേവി പടിക്കല, ജെറിൻ റാഫി ചുങ്കത്ത്
കോ ഓഡിനേറ്റർമാർ

ലിൻ്റോ കാട്ടൂക്കാരൻ
പ്രതിനിധി സഭ സെക്രട്ടറി

ജോബി ചെറുവത്തൂർ
വളണ്ടിയർ ക്യാപ്റ്റൻ

ഫാ. ആൻ്റണി ചിറ്റിലപ്പിള്ളി
ഫൊറോന വികാരി

ജെയിംസ് മേച്ചേരി,
പോളി മുക്കാട്ടുക്കരക്കാരൻ
ജെയ്സൺ തയ്യാലക്കൽ,
സിജോ ജോൺസൻ മാപ്രാണി
കൈക്കാരൻമാർ

ജോയച്ചൻ എരിഞ്ഞേരി, ജോയ് പാല്യേക്കര,
മാത്യു നെല്ലിശ്ശേരി, മാർട്ടിൻ മേച്ചേരി
കൺവീനർമാർ


മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത


മാർ ടോണി നീലങ്കാവിൽ
തൃശൂർ അതിരൂപത സഹായമെത്രാൻ


മാർ ജേയ്ക്കബ് തൂങ്കുഴി
ആർച്ച് ബിഷപ്പ് എമിരിറ്റസ്


മാർ വർഗീസ് ചക്കാലക്കൽ
മെത്രാൻ, കോഴിക്കോട് രൂപത


ഫാ. ആൻ്റണി ചിറ്റിലപ്പിള്ളി
ഫൊറോന വികാരി


ഫാ. മിഥുൻ വടക്കേത്തല
സഹവികാരി


ഫാ. ജോൺപോൾ പുലിക്കോട്ടിൽ Cap. Ofc
സഹവികാരി


ഫാ. ജിഫിൻ നീലങ്കാവിൽ CMI
പ്രീസ്റ്റ് ഇൻചാർജ്ജ്


ഫാ. പോൾ മാളിയമ്മാവ്
പ്രീസ്റ്റ് ഇൻചാർജ്ജ്


ജെയിംസ് മേച്ചേരി
കൈക്കാരൻ


പോളി മുക്കാട്ടുക്കരക്കാരൻ
കൈക്കാരൻ


ജെയ്സൺ തയ്യാലക്കൽ
കൈക്കാരൻ


സിജോ ജോൺസൻ മാപ്രാണി
കൈക്കാരൻ


ലിൻ്റോ കാട്ടൂക്കാരൻ
പ്രതിനിധിസഭ സെക്രട്ടറി

## ഒക്ടോബർ 22 ഞായർ

4:00 p.m: ആഘോഷമായ ദിവ്യബലി,
മാലാഖയുടെ ദാസിയും ദാസനുമായി വാഴിക്കൽ, വള സമർപ്പണം
മാർ വർഗീസ് ചക്കാലക്കൽ
(മെത്രാൻ, കോഴിക്കോട് രൂപത)

## ഒക്ടോബർ 23 തിങ്കൾ

6:00 a.m, 7:30 a.m: ദിവ്യബലി, ലദീഞ്ഞ്, നൊവേന

10:00 a.m: ആഘോഷമായ ദിവ്യബലി, ലദീഞ്ഞ്, നൊവേന
വെരി. റവ. ഫാ സെബി പുത്തൂർ
(വികാരി, സെൻ്റ് ജോൺ നെപുംസിയാൻ ദൈവാലയം, പറപ്പൂർ)

4:00 p.m: പൊന്തിഫിക്കൽ ദിവ്യബലി
മാർ ടോണി നീലങ്കാവിൽ
(തൃശൂർ സഹായ മെത്രാൻ)
തുടർന്ന്
കൂടു തുറക്കൽ ശുശ്രൂഷ,
തിരുസ്വരൂപം എഴുന്നള്ളിപ്പ്, നേർച്ച ഭക്ഷണ ആശീർവാദവും വിതരണവും (രാത്രി 10 മണി വരെ), വിവിധ മേഖലകളിൽ നിന്നുമുള്ള വള എഴുന്നള്ളിപ്പ്

## ഒക്ടോബർ 24 ചൊവ്വ

12.00am, 6:00 am, 7:00 am, 8:00 am, 9:00 am : ദിവ്യബലി, ലദീഞ്ഞ്, നൊവേന

8:00 a.m: നേർച്ച ഭക്ഷണ ആശീർവാദവും വിതരണവും

10:00 a.m: ആഘോഷമായ ദിവ്യബലി
റവ. ഡോ. ജോർജ് കോമ്പാറ
(ഷംഷാബാദ് മിഷൻ)

3:00 pm: ആഘോഷമായ ദിവ്യബലി
ഒല്ലൂർ ഇടവക വൈദികർ
തുടർന്ന് തിരുനാൾ പ്രദക്ഷിണം

## ഒക്ടോബർ 25 ബുധൻ

6:00 am: ദിവ്യബലി, ലദീഞ്ഞ്, നൊവേന

7:30 am: മരിച്ചവരുടെ റാസ കുർബ്ബാന
റവ. ഡോ. ബിൽജു വാഴപ്പിള്ളി
(മേരിമാത മേജർ സെമിനാരി, മുളയം)

നേർച്ചകളും സംഭാവനകളും അയക്കേണ്ട ബാങ്ക് വിവരം :
Account Name: **St Antony's Forane Church, Ollur**
Account No. **053305300006383**
Bank: **South Indian Bank**
Branch: **Holy Angels Road, Ollur**
IFSC **SIBL0000533**

**St.Antony's Forane Church**, Ollur, Thrissur- 680 306, Kerala, India, Ph: 0487 2352339, 2358787, 2350338 www.ollurshrine.org

www.malankaralibrary.com



# ഒല്ലൂർ ഫൊറോനയ്ക്ക് ഇത് ശതാബ്ദി വർഷം

**ഫാ. ആന്റണി ചിറ്റിലപ്പിള്ളി**
ഒല്ലൂർ ഫെറോന വികാരി



തൃശ്ശൂർ അതിരൂപതയിലെ ഒല്ലൂർ ഫൊറോനയ്ക്ക് ഇത് ശതാബ്ദി വർഷം. വിശുദ്ധ റപ്പായേൽ മാലാഖയുടെ
187– ാം തിരുനാൾ ആഘോഷിക്കുമ്പോൾ , ഈ ഫെറോനയിൽ ഉൾപ്പെട്ട 17 ഇടവക ദേവാലയങ്ങൾക്കും ഇത് അഭിമാനദിനങ്ങൾ.
ഒല്ലൂർ ഫെറോനയിൽ ഉൾപ്പെടുന്ന ഇടവകകൾ :
1) സെന്റ് ആന്റണീസ് ഫൊറൊന ചർച്ച് ഒല്ലൂർ 2) സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം 3) മേരി മാത ചർച്ച്, ഒല്ലൂർ 4) വിജയ മാത ചർച്ച്, ചിയ്യാരം 5) ഫാത്തിമനാഥ ചർച്ച്, കോനിക്കര 6) അമലോത്ഭവ മാത പള്ളി, മരത്താക്കര 7) സെന്റ് തോമസ് ചർച്ച്, പടവരോട് 8) സെന്റ് മേരീസ് ചർച്ച്, പല്ലിശ്ശേരി 9) തിരുഹൃദയ ചർച്ച്, പെരിഞ്ചേരി. 10) സെന്റ് റോക്കീസ് ചർച്ച്, പൂത്തറക്കൽ 11) കർമ്മലനാഥ ചർച്ച്, പുലക്കാട്ടുകര 12) ഇൻഫന്റ് ജീസസ്സ് ചർച്ച്, തലോർ 13) സെന്റ്. തോമസ് ചർച്ച്, വല്ലച്ചിറ 14) സെന്റ്. മേരീസ് ചർച്ച്, വെങ്ങിണിശ്ശേരി 15) സെന്റ്. ജോസഫ് ചർച്ച്, അവിണിശ്ശേരി 16) സെന്റ്. പോൾസ് ചർച്ച്, തൈക്കാട്ടുശ്ശേരി 17) സെന്റ്. മാത്യൂസ് ചർച്ച്, പാലയ്ക്കൽ 18) സെന്റ്. ആന്റണീസ് പള്ളി, കോടന്നൂർ. ❍

www.malankaralibrary.com



# ''ക്ഷമിക്കുക എന്നത്, ക്രിസ്ത്യാനിക്ക് മൗലിക വ്യവസ്ഥ.'' ഫ്രാൻസീസ് പാപ്പ

**ഡോ. ലോറൻസ് തൈക്കാട്ടിൽ**



ദൈവം സദാ ക്ഷമിക്കുന്നു; നമ്മൾ മറ്റുള്ളവരോട് ക്ഷമിക്കുമ്പോൾ നമ്മൾ ദൈവത്തെ അനുകരിക്കുന്ന യഥാർത്ഥ ദൈവ വിശ്വാസികൾ ആകുന്നു എന്ന് ഫ്രാൻസീസ് പാപ്പ പഠിപ്പിച്ചു.

2023 സെപ്റ്റംബർ 17ന് ലത്തീൽ ആരാധനക്രമമനുസരിച്ച് വി.കുർബ്ബാന മദ്ധ്യേ വായിച്ച വി.മത്തായിയുടെ സുവിശേഷം പതിനെട്ടാം അദ്ധ്യായം 21-35 വരെയുള്ള ഭാഗം വിശദീകരിച്ചാണ് പാപ്പ ഇപ്രകാരം പ്രബോധിപ്പിച്ചത്. തെറ്റു ചെയ്യുന്ന സഹോദരനോട് എത്ര തവണ ക്ഷമിക്കണം എന്ന പത്രോസിന്റെ ചോദ്യത്തിന് ഈശോ മറുപടി പറയുന്ന ഭാഗമാണ് പാപ്പാ വിശദീകരിച്ചത്. പാപ്പാ പറയുന്നത് ക്ഷമയെ കുറിച്ച് വിവരിക്കുന്ന ഈ സുവിശേഷ ഭാഗം സാധാരണ ജീവിതത്തിൽ വലിയ സുവിശേഷ വെളിച്ചം വീശുന്നതാണ്. ക്ഷമയുടെ മേഖലയിൽ ഉയരുന്ന ചില സംശയങ്ങൾക്കുള്ള മറുപടിയാണ് ഈ സുവിശേഷ ഭാഗം.

## ക്ഷമിക്കണം - എത്ര തവണ?

പത്രോസ് ശ്ലീഹാ ഈശോയോട് ചോദിക്കുന്നത് എത്ര പ്രാവശ്യം സഹോദരനോട് ക്ഷമിക്കണം? ഏഴു പ്രാവശ്യമോ എന്നാണ് ചോദ്യം.
ഏഴ് ബൈബിളിൽ പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. പത്രോസ് തന്റെ ചോദ്യം വലിയ ഉദാര മനോഭാവത്തോടെയാണ് നടത്തുന്നത്. എന്നാൽ ഈശോ അതിനേക്കാൾ പതിന്മടങ്ങ് ഉദാരതയോടെ "ഏഴല്ല ഏഴ് എഴുപത്" എന്നാണ് മറുപടി പറയുന്നത്. പാപ്പാ പറയുന്നു: ഈശോ പഠിപ്പിക്കുന്നത് ക്ഷമിക്കേണ്ടത് കണക്കുകൂട്ടിയല്ല മറിച്ച്

www.malankaralibrary.com

എല്ലായ്പോഴും ക്ഷമിക്കണം എന്നാണ്. ദൈവം അപ്രകാരമാണ് ചെയ്യുന്നത്. ആധികാരികതയോടെ പാപ്പ തുടർന്ന് പറയുന്നു: ദൈവം നമ്മോട് ചെയ്യുന്നതുപോലെ നാമും ചെയ്യണം. ദൈവത്തിന്റെ ക്ഷമ കൈകാര്യം ചെയ്യേണ്ടവർ അത് എപ്രകാരം ചെയ്യാനാണോ വിളിക്കപ്പെട്ടിരിക്കുന്നത് അതുപോലെ എപ്പോഴും ക്ഷമിക്കണം. ഇവിടെ അസന്നിഗ്ദ്ധമായി പാപ്പാ പറയുന്നത് പുരോഹിതന്മാരും കുമ്പസാരക്കാരും ഇത് കൂടുതലായി പരിശീലിക്കപ്പെടണം എന്നാണ്. ഇതിനുള്ള കാരണം ദൈവം കാരുണ്യവാനായതുകൊണ്ടാണ്.

## കാരുണ്യവാനായ ദൈവം

ഫ്രാൻസീസ് പാപ്പാ പറയുന്നു: ദൈവം കാരുണ്യവാനാണെന്ന യാഥാർത്ഥ്യം പഠിപ്പിക്കാൻ ഈശോ ചില കണക്കുകൾ അവതരിപ്പിക്കുന്നുണ്ട്. തന്നോട് കേണപേക്ഷിച്ച ഒരു ദാസന്റെ 10000 താലന്ത് കടം ഒരു രാജാവ് ഇളവു ചെയ്തു കൊടുത്തു. അതായത് 200 മുതൽ 500 ടൺ വരെ തൂക്കം വരുന്ന വെള്ളിയുടെ മൂല്യം. അതിശയോക്തിപരമായ വളരെ വലിയ മൂല്യം ഇതിനുണ്ട്. വളരെ വലുതാണിത്. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചാലും വീട്ടാൻ കഴിയാത്ത കടമായിരുന്നു അത്. എന്നിട്ടും നമ്മുടെ സ്വർഗ്ഗീയ പിതാവിനെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ അനുകമ്പയാൽ നിറഞ്ഞ് ആ കടം ഇളവു ചെയ്തു കൊടുക്കുന്നു (വാക്യം 27). പാപ്പാ പഠിപ്പിക്കുന്നത് ഇതാണ് ദൈവത്തിന്റെ ഹൃദയം, എപ്പോഴും ക്ഷമിക്കുന്നു. കാരണം ദൈവം കരുണയുള്ളവനാണ്.
പാപ്പ തുടർന്ന് പഠിപ്പിക്കുന്നു: ദൈവം എങ്ങിനെയുള്ളവനാണ് എന്ന് നാം മനസ്സിലാക്കണം. ദൈവം ആർദ്രനും സമീപസ്ഥനും അനുകമ്പയുള്ളവനും ആണ്. ദൈവം ആയിരിക്കുന്നതിന്റെ രീതി അങ്ങിനെയാണ്. എന്നാൽ കടം മോചിക്കപ്പെട്ട ദാസൻ കരുണ കാണിക്കുന്നില്ല. 100 ദനാറ തരാനുള്ള തന്റെ സഹസേവകനോട് കരുണ കാണിക്കുന്നില്ല. ഗണ്യമായ ഒരു തുകയാണത്. ഏകദേശം മൂന്നു മാസത്തെ ശമ്പളത്തിന് തുല്യം. പരസ്പരം ക്ഷമിക്കുന്നതിന് വില നൽകേണ്ടി വരും. എന്നാൽ ഇവിടെ മോചിക്കുന്ന യജമാനൻ വലിയ ഹൃദയവിശാലതയുള്ളയാളാണ്. യജമാനൻ ഇളവു ചെയ്തു കൊടുത്തത് വലിയ തുകയാണ്. സഹസേവകന്റെ തുക വളരെ ചെറുതാണ്. പാപ്പാ പറയുന്നത് ദൈവത്തിന്റെ പ്രവൃത്തിയിൽ സ്നേഹവും ഔദാര്യവും നിറഞ്ഞു നിൽക്കുന്നു.

## ദൈവ സ്വഭാവം

ദൈവത്തിന്റെ പ്രവൃത്തിയിൽ മുഴുവൻ അപാരമായ സൗജന്യതയും സ്നേഹവും നിറഞ്ഞു നിൽക്കുന്നു. ദൈവം സകല അളവുകളെയും ഉല്ലംഘിച്ചുകൊണ്ട് കണക്കില്ലാത്ത വിധം ക്ഷമിക്കുന്നു. മറ്റു വാക്കിൽ പറഞ്ഞാൽ ദൈവം സ്നേഹത്താലും സൗജന്യമായും പ്രവർത്തിക്കുന്നു. ദൈവം സൗജന്യദായകനാണ്. നമുക്ക് അവിടുത്തേക്ക് പകരം നൽകാൻ കഴിയില്ല. എന്നാൽ നമ്മുടെ സഹോദരനോടോ സഹോദരിയോടൊ നാം ക്ഷമിക്കുമ്പോൾ നാം അവിടുത്തെ അനുകരിക്കുന്നു. അതിനാൽ ക്ഷമിക്കുകയെന്നത് ചെയ്യാവുന്നതോ ചെയ്യാനാവാത്തതോ ആയ ഒരു സൽപ്രവൃത്തിയല്ല പ്രത്യുത ക്ഷമിക്കുക എന്നത് ക്രിസ്ത്യാനിയെ സംബന്ധിച്ച് മൗലിക വ്യവസ്ഥയാണ്. ഓരോ വ്യക്തിയും ക്ഷമിക്കപ്പെട്ടവൻ അല്ലെങ്കിൽ ക്ഷമിക്കപ്പെട്ടവൾ ആണ്. ഇത് മറക്കരുത്. സ്വജീവൻ നമുക്ക് നൽകിയ ദൈവ കാരുണ്യ ത്തിന് എന്തു പ്രതിഫലം നൽകും. ദൈവത്തിന്റെ സൗജന്യതയോട് പ്രത്യുത്തരിച്ചു കൊണ്ട് പരസ്പരം ക്ഷമിച്ചു കൊണ്ട് നമുക്കു ചുറ്റും നവജീവൻ വിതച്ച് അവിടുത്തേക്ക് സാക്ഷ്യം വഹിക്കാൻ നമുക്കു കഴിയും. തീർച്ച. ക്ഷമയില്ലെങ്കിൽ പ്രത്യാശ

യില്ല, ക്ഷമയില്ലെങ്കിൽ സമാധാനമില്ല. വിദ്വേഷത്താൽ മലിനമായ വായുവിനെ ശുദ്ധീകരിക്കുന്ന പ്രാണവായുവാണ് ക്ഷമ. പകയുടെ വിഷങ്ങളെ നിർവീര്യമാക്കുന്ന മറുമരുന്ന് ക്ഷമ. പാപ്പ തന്റെ പ്രബോധനത്തിൽ ശക്തമായി പഠിപ്പിക്കുന്നത് കോപം ശമിപ്പിക്കാനും സമൂഹത്തെ മലിനമാക്കുന്ന നിരവധിയായ ഹൃദയ വ്യാധികളെ സുഖപ്പെടുത്താനുമുള്ള മാർഗ്ഗമാണ് ക്ഷമ എന്നാണ്.

<u>ക്ഷമ – ഹൃദയ ശാന്തിക്കുള്ള മരുന്ന്</u>

ഫ്രാൻസീസ് പാപ്പ ഒരു സംശയം ഉയർത്തുന്നുണ്ട്. പലപ്പോഴും നാം ദൈവത്തെ സംശയിക്കുന്നവരാണ്. നാം നമ്മോടു തന്നെ ചോദിക്കുന്നത് നിരവധിയായ നമ്മുടെ പാപങ്ങൾക്ക് പൊറുതി ലഭിച്ചുവോ എന്നാണ്. എന്നോട് തന്നെ ക്ഷമിക്കാനാകാതെ മറ്റുള്ളവരോട് ക്ഷമിക്കാനാവാതെ ഞാൻ വിഷമിക്കുമ്പോൾ പോലും ദൈവം എന്നോട് ക്ഷമിക്കുന്നു എന്ന സദ്വാർത്തയാണ് സുവിശേഷം. നിറഞ്ഞ കരുണയുടെ അടയാളമാണ് ക്ഷമ എന്ന് പഠിപ്പിക്കുന്ന ഫ്രാൻസീസ് പാപ്പ ഹൃദയ സമാധാനത്തിനും ദൈവകൃപ സ്വീകരിക്കാനും വേണ്ട ഏറ്റവും എളുപ്പമാർഗ്ഗമായി ക്ഷമയെ കാണുന്നു. നീരസ വിഷത്തിനുള്ള മറുമരുന്നാണ് ക്ഷമ. കോപമടക്കാനും ഹൃദയത്തിന്റെ പല രോഗങ്ങൾ സൗഖ്യമാക്കുവാനുമുള്ള വഴിയാണ് ക്ഷമയുടെ വഴി. കരുണയുടെ നിറകുടവും പ്രത്യേകിച്ച് ശാരീരിക – മാനസിക ബുദ്ധിമുട്ടുകളിലും ക്ഷമയുടെ അടയാളവും മാതൃകയുമായ പരിശുദ്ധ മറിയത്തെ നമുക്ക് അഭയം പ്രാപിക്കാം. ❍

## കർത്തൃസന്നിധിയിൽ കൂപ്പുകൈയുമായി ഒരു ജീവിതം




ഒരു കാവൽ ദൂതനെ പോലെ എപ്പോഴും കൂടെയുണ്ടായിരുന്ന പച്ചപ്പുല്പറങ്ങളിലെ എന്റെ സന്തത സഹചാരി. നിറയെ സ്നേഹവുമായി വലത്ത് വശത്ത് ഹൃദയം കൊണ്ടു നടന്ന അത്ഭുത മനുഷ്യൻ. എന്റെ ഈ കാവൽ ദൂതൻ സെപ്റ്റംബറിലെ ഹൃദയ ദിനത്തിൽ മുഖ്യ കാവൽദൂതൻമാരുടെ തിരുന്നാളിൽ സ്വർഗ്ഗത്തിലേക്ക് യാത്രയായി. ഇനി മുതൽ എനിക്കായി സ്വർഗ്ഗത്തിലെ കാവൽ ദൂതനാവാൻ...... നല്ല സഹശുശ്രൂഷകനായി .... സഹോദരനായി... സുഹൃത്തായി... സദാ ഒപ്പമായിരുന്നയ്യാൾ ... എന്റെ പ്രിയ ഷാജി ചേട്ടൻ ..... മരണത്തിന്റെ ചിറകിലേറി മറഞ്ഞു. മറഞ്ഞിരുന്നാലും മനസിൽ നിറയെ മായാതെ നല്ലോർമകൾ മാത്രം.

മിഴിപൂട്ടലല്ലയീ മരണം ..... ഷാജി ചേട്ടൻ മിഴി തുറക്കുന്നു നിത്യ ലോകത്തിൽ ......

സ്നേഹത്തോടെ

**ബോണി**

www.malankaralibrary.com



www.malankaralibrary.com



# അവിടുത്തെ യൗവ്വനം നമ്മെ പഠിപ്പിക്കുന്നു

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയായിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാരപൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.*

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



**ക്രിസ്തു ജീവിക്കുന്നു – 5**

30. യേശുവിന്റെ ജീവിതത്തിലെ ഈ കാര്യങ്ങൾ വളർന്നു കൊണ്ടിരിക്കുന്നവരും, സ്വജീവിതത്തിലെ തങ്ങളുടെ ദൗത്യം ഏറ്റെടുക്കാനൊരുങ്ങിക്കൊണ്ടിരിക്കുന്നവരുമായ എല്ലാ യുവജനങ്ങൾക്കും പ്രചോദനാത്മകമാണ്. ഇതടങ്ങിയിരിക്കുന്നത് പിതാവുമായിട്ടുള്ള ബന്ധത്തിലും, ഒരു കുടുംബത്തിന്റെയും ഒരു ജനതയുടെയും ഭാഗമാണ്താനെന്ന ബോധത്തിലും ആണ്; പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടും, നയിക്കപ്പെട്ടും, തങ്ങൾക്കു ദൈവം നൽകുന്ന ദൗത്യം, വൈയക്തികവിളി, നിറവേറ്റുന്നതിലുമാണ്. ഇതിലൊന്നുപോലും യുവജനങ്ങൾക്കായുള്ള അജപാലനവേലയിൽ അവഗണിക്കപ്പെടാൻ പാടില്ല. യുവജനങ്ങളെ കുടുംബത്തിൽ നിന്നും കൂടുതൽ വിശാലമായ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തുന്നതും, എല്ലാത്തരം മാലിന്യങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്ന വിശേഷഗണമായി പരിഗണിക്കപ്പെടുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഇടയുണ്ട്. അതിനു വിപരീതമായി, അവരെ ശക്തിപ്പെടുത്തുന്നതും, പിന്തുടരുന്നതും, മറ്റുള്ളവരെ നേരിടാനും, ഔദാര്യപൂർണ്ണമായ സേവനത്തിനും മിഷൻവേലയ്ക്കും അവരെ ഉത്തേജിപ്പിക്കുന്നതുമായ പദ്ധതികളാണ് നമുക്ക് ആവശ്യം.

31. യുവജനങ്ങളേ, യേശു നിങ്ങളെ ദൂരത്തുനിന്നുകൊണ്ടോ, പുറമേ നിന്നുകൊണ്ടോ അല്ല. പഠിപ്പിക്കുന്നത്, പിന്നെയോ, നിങ്ങളുടെ തന്നെ യുവത്വത്തിൽ പങ്കു പറ്റിക്കൊണ്ട് നിങ്ങളുടെ യുവത്വത്തിനുള്ളിൽ നിന്നുകൊണ്ടാണ് പഠിപ്പിക്കുന്നത്. സുവിശേഷങ്ങളിൽ കാണിച്ചുതരപ്പെട്ട യുവാവായ യേശുവിനെ നിങ്ങൾ ധ്യാനിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം അവിടുന്ന് യഥാർത്ഥത്തിൽ നിങ്ങളിലൊരുവനാണ്. അവിട്ട

ന്ന് നിങ്ങളുടെ യുവഹൃദയങ്ങളുടെ ആകുലതകളിൽ പങ്കുചേരുന്നുണ്ട്. ഉദാഹരണത്തിന്, ഇക്കാര്യം നോക്കുക: "പിതാവിൽ യേശുവിന് വ്യവസ്ഥയില്ലാത്ത സമർപ്പണഭാവമാണു ണ്ടായിരുന്നത്. അവിടുന്ന് സ്വശിഷ്യരുമായി സൗഹൃദം പുലർത്തിയിരുന്നു; സംഘർഷ ങ്ങൾക്കിടയിലും അവിടുന്ന് അവരോട് വിശ്വസ്തത കാട്ടി. ഏറ്റവും ദുർബലരായവരോട്, പ്രത്യേകിച്ച് ദരിദ്രരോടും, രോഗികളോടും, പാപികളോടും, തിരസ്കൃതരോടും അവിടുന്ന് ആഴമേറിയ ദയ കാട്ടി. തന്റെ സമകാലീന മതാധികാരികളെയും രാഷ്ട്രീയ അധികാരി കളെയും നേരിടുന്നതിനുള്ള ധൈര്യം അവിടുത്തേക്കുണ്ടായിരുന്നു; തെറ്റിദ്ധരിക്കപ്പെടു ന്നതും തിരസ്ക്കരിക്കപ്പെടുന്നതുമായ അനുഭവം എന്തെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. സഹനത്തെക്കുറിച്ചുള്ള ഭയവും, യാതനയുടെ ദൗർബല്യവും അവിടുന്നനുഭവിച്ചിട്ടുണ്ട്. പി താവിന്റെ സുരക്ഷിതമായ കരങ്ങളിലേക്കു തന്നെത്തന്നെ ഏൽപിച്ചുകൊടുത്തുകൊണ്ട്, അരൂപിയുടെ ശക്തിയിൽ അവിടുന്ന് ഭാവിയിലേക്ക് ദൃഷ്ടി തിരിച്ചിട്ടുണ്ട്. യേശുവിൽ എല്ലാ യുവാക്കൾക്കും തങ്ങളെത്തന്നെ കണ്ടെത്താനാകും."

32. മറുവശത്ത്, യേശു ഉത്ഥാനം ചെയ്തു; നമ്മെ ഉത്ഥാനത്തിന്റെ പുതുജീവനിൽ പങ്കു കാരാക്കുവാൻ അവിടുന്ന് തിരുമനസ്സായിരിക്കുന്നു. വാർദ്ധക്യത്തിലെത്തിയ ഒരു ലോകത്തിന് അവിടുന്നാണ് യഥാർത്ഥമായ യുവത്വം. അവിടുത്തെ പ്രകാശമണിയാ നും അവിടുത്തെ ജീവിതം നയിക്കാനും പ്രസവവേദനയിലെന്നപോലെ (റോമാ. 8:22) കാത്തിരിക്കുന്ന പ്രപഞ്ചത്തിന്റെ യുവത്വം. അവിടുന്ന് നമ്മുടെ സമീപത്തുള്ളപ്പോൾ, നമ്മുടെ സ്വപ്നങ്ങളെയും, നമ്മുടെ പദ്ധതികളെയും, നമ്മുടെ മഹത്തായ ആദർശങ്ങളെ യും സജീവമാക്കുന്ന യഥാർത്ഥ നീരുറവയിൽ നിന്നും കുടിക്കാൻ സാധിക്കും; അപ്പോൾ ജീവിതത്തെ യഥാർത്ഥത്തിൽ അർത്ഥവത്താക്കുന്നതെന്തെന്ന് പ്രഖ്യാപിക്കാൻ നാം പ്രചോദിതരാകും. മർക്കോസിന്റെ സുവിശേഷത്തിലെ രണ്ട് വിചിത്രവിവരണങ്ങൾ, ക്രി സ്തുവിനോട്ടുകൂടി ഉയിർക്കപ്പെട്ടവർ എങ്ങനെയാണ് അതികൃത്യമായ യൗവ്വനത്തിലേ ക്കു വിളിക്കപ്പെട്ടിരിക്കുന്നതെന്ന് കാണിക്കുന്നു. കർത്താവിന്റെ പീഡാനുഭവവേളയിൽ, യേശുവിനെ പിഞ്ചെല്ലാനാഗ്രഹിച്ച ഒരു യുവാവിനെ നാം കാണുന്നു; എന്നാൽ ഭയപ്പെട്ട്, നഗ്നനായി അവൻ ഓടിപ്പോയി (cf. 14:51–52 }; കർത്താവിനെ അനുഗമിക്കുന്നതിന് എല്ലാം നഷ്ടപ്പെടുത്താനുള്ള ശക്തി അവനില്ലായിരുന്നു. എന്നാൽ ഒഴിഞ്ഞ കല്ലറക്ക രികിൽ വെള്ളവസ്ത്രം ധരിച്ച മറ്റൊരു വ്യക്തിയെ കാണുന്നുണ്ട് (16:5); അയാൾ സ്ത്രീക ളോട് സംസാരിക്കുകയും, ഉത്ഥാനത്തിന്റെ ആനന്ദം വിളിച്ചറിയിക്കുകയും ചെയ്യുന്നു (cf. 16:16–1}.

33. മറ്റു യുവജനങ്ങളുടെ ഇരുണ്ട രാത്രിയിൽ നക്ഷത്രങ്ങളെ തെളിക്കാൻ കർത്താവ് നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥ നക്ഷത്രങ്ങളിലേക്ക്, നമ്മുടെ വഴികളെ നയിക്കാൻ അവിടുന്ന് നൽകുന്ന വിവിധങ്ങളായ അടയാളങ്ങളിലേക്ക്, നോക്കുവാനും, തന്റെ വയൽ ഉഴുതുമറിക്കാൻ
പോകുന്നതിനുമുമ്പ് നക്ഷത്രങ്ങളെ നോക്കുന്ന കൃഷിക്കാരനെ അനുകരിക്കാനും, അവിടു ന്ന് നിങ്ങളോടാവശ്യപ്പെടുന്നു. നമ്മൾ നടന്നുകൊണ്ടേയിരിക്കാൻ നമ്മെ സഹായിക്കു ന്നതിനായി ദൈവം നക്ഷത്രങ്ങൾ തെളിക്കുന്നു. "നക്ഷത്രങ്ങൾ തങ്ങളുടെ യാമങ്ങളിൽ പ്രകാശിക്കുകയും ആഹ്ലാദിക്കുകയും ചെയ്തു" (ബാറൂക്ക് 3:34–35). ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ മഹത്തായ ദീപവും, രാത്രിയിലെ നമ്മുടെ വഴികാട്ടിയും. കാരണം, അവിടുന്നാണ്' ഉജ്ജ്വലിക്കുന്ന (പഭാത നക്ഷതം ' (വെളി . 22:16).

തിരുസഭയുടെ യുവത്വം

34, യുവത്വം എന്നത് സമയത്തിന്റെ ഒരു ഘട്ടം മാത്രമല്ല; അത് മനസ്സിന്റെ ഒരവസ്ഥ യാണ്. അതിനാലാണ് സഭയെപ്പോലുള്ള അതിപുരാതന സ്ഥാപനത്തിന് നവീകരണം

www.malankaralibrary.com



അനുഭവിച്ചറിയാനും , തന്റെ പഴമയാർന്ന ചരിത്രത്തിലെ വിവിധങ്ങളായ നിർണ്ണായക ഘട്ടങ്ങളിൽ യുവത്വത്തിലേക്ക് മടങ്ങി വരാനും സാധിക്കുന്നത്. വാസ്തവത്തിൽ അവളുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായക സന്ദർഭങ്ങളിൽ മുഴുഹൃദയത്തോടുകൂടി തന്റെ ആദ്യ സ്നേഹത്തിലേക്ക് മടങ്ങാൻ വിളിക്കപ്പെടുന്ന തായി അവൾക്കനുഭവമുണ്ടാകുന്നു. ഈ സത്യം അനുസരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പരാമർശിച്ചു; "സുദീർഘവും സജീവവുമായ ഒരു ചരിത്രത്താൽ സമ്പന്നവും, കാലത്തിലൂടെ മ നവ പരി പൂർണ്ണതയിലേക്ക് മുന്നേറുന്നതും, ചരിത്രത്തിന്റെയും ജീവന്റെയും ആത്യന്തിക ലക്ഷ്യം ഉന്നംവയ്ക്കുന്നതുമായ സഭയാണ് ലോകത്തിന്റെ യഥാർത്ഥ യൗവ്വനം." അവളിൽ, "യു വജനങ്ങളുടെ സഹചാരിയും സ്നേഹിതനുമായ ക്രിസ്തുവിനെ കണ്ടുമുട്ടാൻ എപ്പോഴും സാധ്യമാണ്."

<u>നവീകരണോന്മുഖസഭ</u>

35. തിരുസഭയെ വാർദ്ധാക്യത്തിലേക്കെത്തിക്കുന്നവരും, ഭൂതകാലത്തിലടച്ചു വയ്ക്കുവാൻ ഉദ്യമിക്കുന്നവരും, പിറകോട്ടു വലിച്ച് നിശ്ചലയാക്കുന്നവരുമായവരിൽ നിന്നും അവളെ സ്വതന്ത്ര്യയാക്കണമെന്ന് കർത്താവിനോട് നമുക്ക് അപേക്ഷിക്കാം; അതുപോലെത ന്നെ, മറ്റൊരു പ്രലോഭനത്തിൽ നിന്നുകൂടി അവളെ സംരക്ഷിക്കണമേ എന്നും നമുക്ക വിട്ടുത്തോടപേക്ഷിക്കാം; അതായത്, ലോകം വച്ചുനീട്ടുന്നതെല്ലാം സ്വീകരിക്കുന്നതുകൊ ണ്ടാണ് അവൾ ചെറുപ്പമായിരിക്കുന്നതെന്ന് ചിന്തിക്കുന്നതിൽനിന്നും, തന്റെ തന്നെ സന്ദേശം മാറ്റിവച്ച് മറ്റുള്ളവർ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കുന്നതുകൊണ്ടാ ണ് താൻ നവീകരിക്കപ്പെടുന്നതെന്ന ചിന്തിക്കുന്നതിൽ നിന്നും രക്ഷിക്കണമേയെന്ന്. മറിച്ച്,സഭ യൗവ്വനയുക്തയായിരിക്കുന്നത്; അവൾ അവളായിരിക്കുമ്പോഴാണ്, ദൈവ വചനത്തിൽ നിന്നും വിശുദ്ധ കുർബാനയിൽനിന്നും, ക്രിസ്തുവിന്റെ നിത്യസാന്നിധ്യ ത്തിൽ നിന്നും, തന്നിലുള്ള പരിശുദ്ധാത്മ ചൈതന്യത്തിൽ നിന്നും നിത്യ നൂതനമായ ശക്തി ആർജ്ജിക്കുമ്പോഴാണ്. തിരുസഭ ചെറുപ്പമായിരിക്കുന്നത് നിരന്തരം തന്റെ തന്നെ സ്രോതസ്സുകളിലേക്ക് മടങ്ങുവാൻ തനിക്ക് കഴിവുണ്ടെന്ന് വ്യക്തമാക്കുമ്പോ ഴാണ്.

36. തീർച്ചയായും, സഭാംഗങ്ങൾ എന്ന നിലയ്ക്ക് നാം മറ്റുള്ള വരിൽനിന്നും വേർപെട്ടു നിൽക്കരുത്. "എല്ലാ ജനങ്ങളുടെയും സംപ്രീതിക്കു പാത്രമായ" (അപ്പ. 2:47; cf. 4:21.33; 5:13) അപ്പോസ്തലന്മാരെപ്പോലെ, സ്നേഹിതരും, അയൽക്കാരുമായി നമ്മെയും എല്ലാ

www.malankaralibrary.com



വരും കരുതട്ടെ. അതേസമയം, ഈ ലോകത്തിന്റേതല്ലാത്ത ആദർശങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ടും; ഔദാര്യത്തിന്റെയും, സേവന ത്തിന്റെയും, നൈർമല്യത്തിന്റെയും, സ്ഥിര പരിശ്രമത്തിന്റെയും, ക്ഷമയുടെയും വൈയക്തികവിളി, പ്രാർത്ഥന, നീതി, പൊതുനന്മ, ദരിദ്രരോടുള്ള സ്നേഹം, സാമൂഹികസൗഹൃദം എന്നിവ തേടുന്നതിനോടുള്ള വിശ്വസ്തതയുടെയും സൗന്ദര്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടും വ്യത്യസ്തരായിരിക്കാൻ നാം ധൈര്യം കാട്ടണം.

37. ക്രിസ്തുവിന്റെ സഭ എപ്പോഴും ആവേശം നഷ്ടപ്പെടുത്തുന്നതിനുള്ള പ്രലോഭനത്തിന് അടിപ്പെട്ടുപോകാവുന്നതാണ്. കാരണം വിശ്വാസത്തിന്റെ സാഹസികതയ്ക്കും, അപകടങ്ങൾ എണ്ണാതെ സർവ്വവും നൽകാനുള്ള കർത്താവിന്റെ വിളിക്കും അവൾ ചെവി കൊടുക്കാതിരിക്കാവുന്നതാണ്. തെറ്റായതും ലൗകായികവുമായ ഒരു സുരക്ഷിതത്വം തേടി പിന്തിരിയാൻ അവ പ്രലോഭിക്കപ്പെടാം. യുവജനങ്ങൾക്ക് അവളെ ചെറുപ്പമായിരിക്കാൻ സഹായിക്കാനാകും. അവൾ കലുഷിതയാകുന്നതിൽ നിന്നും തടയിടാനവർക്കാകും; മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കാൻ സഭയ സഹായിക്കാൻ അവർക്കാകും: അഹങ്കാരത്തിലോ വിഭാഗീയതയിലോ അവൾ വീഴാതെകാക്കാൻ അവർക്കാകും; കൂടുതൽ ദരിദ്രയായിരിക്കാനും, മെച്ചപ്പെട്ട സാക്ഷ്യം നൽകാനും, ദരിദ്രരുടെയും പുറംതള്ളപ്പെട്ടവരുടെയും പക്ഷംചേരാനും, നീതിക്കുവേണ്ടി പോരാടാനും വിനയപൂർവം വെല്ലുവിളികൾ അഭിമുഖീകരിക്കാനും അവളെ സഹായിക്കാൻ അവർക്കാകും. "പുത്തൻ തുടക്കങ്ങളിൽ സന്തോഷിക്കുന്നതിനുള്ള അവളുടെ കഴിവിനെ നവീകരിച്ചുകൊണ്ട്, യുവത്വത്തിന്റെ സൗന്ദര്യം സഭയ്ക്ക് സമ്മാനിക്കാൻ യുവജനങ്ങൾക്കു സാധിക്കും. അതുപോലെ, നവീകരിക്കപ്പെടാനും, എന്നും മഹത്തായ നേട്ടങ്ങളിൽ ഉന്നംവച്ച് മുന്നോട്ടുപോകാനും.'

38. നമ്മിൽ, ചെറുപ്പക്കാരല്ലാത്തവരെ സംബന്ധിച്ചിടത്തോളം, ചെറുപ്പക്കാരുടെ സ്വരങ്ങളും, താത്പര്യങ്ങളും കരുതലോടെ ചേർത്തുവയ്ക്കാൻ വഴികൾ ആരായണം. 'ഒന്നിച്ചു മുന്നേറുന്നതുവഴി, സഭ സംവാദത്തിന്റെ വേദിയായും, സാഹോദര്യത്തിന്റെ ജീവസ്സുറ്റ സാക്ഷിയായും മാറുന്നതിന് ഉതകുന്ന അവസ്ഥ സൃഷ്ടിക്കുന്നു. യുവജനങ്ങളുടെ സ്വരങ്ങൾ കേൾക്കപ്പെടാൻ നമ്മൾ കൂടുതൽ അവസരങ്ങളുണ്ടാക്കണം; ' 'സഹാനുഭൂതിയുടെ അന്തരീക്ഷത്തിൽ ദാനങ്ങൾ കൈമാറുന്നതിന് ശ്രവണം സാധ്യമാക്കുന്നു. അതേസമയം തന്നെ, യഥാർത്ഥമായും, നിശ്ചിതമായും ഫലപ്രദമായും ഹൃദയത്തെ സ്പർശിക്കുന്ന വിധം സുവിശേഷപ്രഘോഷണത്തിന് അതു കളമൊരുക്കുന്നു.' ❍

www.malankaralibrary.com



# ദൈവവിളിയിലെ വെല്ലുവിളി ഏറ്റെടുത്ത വിശുദ്ധ ക്ലോഡിൻ തെവനെ

അക്ഷരം പുസ്തകം



**സി . ജോസ്ന** RJM

പഴയനിയമത്തിലെ പിതാവായ അബ്രാഹം മുതലുണ്ട് ദൈവത്തിന്റെ വിളിയും ദൗത്യമേൽപ്പിക്കലും. ദൈവത്തോടൊപ്പം നടന്ന അബ്രാഹത്തിനുപിന്നാലെ മറ്റൊരു പ്രവാചകനായ മോശയെ ദൈവം കാണിച്ചു തരുന്നു – അബ്രാഹത്തിന്റേത് വ്യക്തിപരമായ ഒരു യാത്രയാണ്. മോശയാകട്ടെ, സംഘാതമായ യാത്രയുടെ സൂചനയാണ്.

വിശുദ്ധ ഗ്രന്ഥത്തിലെ ദൈവ വിളികൾക്കുള്ളിൽ പ്രതിസന്ധികൾ പലപ്പോഴും കുരിശുമെടുത്ത് അനുഗമിക്കുക, എന്ന യേശുവിന്റെ ഒറ്റ നിർദ്ദേശത്തിന്റെ സൂചകങ്ങളിലുണ്ട് പാതകളിലെ കല്ലും മുള്ളും അവഗണിച്ച് . ദൈവവിളിയുടെ പിൻപറ്റി നടന്ന ഒരു സമർപ്പിതയുടെ കഥയാണ് സിസ്റ്റർ ജോസ്ന ഫെർണാണ്ടസ് ആർ.ജെ.എം. എഴുതിയ 'ഒരു സ്നേഹ വിപ്ലവനായികയുടെ കഥ' എന്ന ഗ്രന്ഥം. കെസിബിസി വിദ്യാഭ്യാസ കമ്മീഷനു കീഴിൽ പ്രവർത്തിക്കുന്ന കേരളാ കാത്തലിക് ലീഗ് (കെ.സി.എസ്.എൽ.)നു വേണ്ടി കെ.സി.ബി.സി. മീഡിയ കമ്മീഷൻ പ്രസാധനം ചെയ്ത ഈ ഗ്രന്ഥം ഫ്രഞ്ച് വിപ്ലവാനന്തരം, ദൈവികചിന്ത അന്യം നിന്ന ക്രിസ്തീയ കുടുംബങ്ങളിലേക്ക് മദർ ക്ലോഡിൻ തെവനെ നടത്തിയ വിശ്വാസ തീർത്ഥാടനത്തിന്റെ വിവരണമാണ്. കുട്ടികൾക്ക് വായിച്ച്, ആത്മീയമായി വളരാൻ കഴിയുന്ന വിധത്തിലാണ് ഈ ഗ്രന്ഥം സിസ്റ്റർ ജോസ്ന തയ്യാറാക്കിയിട്ടുള്ളത്. ജീസസ് ആൻഡ് മേരി കോൺഗ്രിഗേഷന്റെ സ്ഥാപികയാണ് മദർ ക്ലോഡിൻ തെവനെ. സ്ത്രീ ശാക്തീകരണത്തിലും സ്ത്രീ വിദ്യാഭ്യാസ മേഖലയിലും ദൈവത്തിന് പ്രീതികരമായ സംഭാവനകൾ അർപ്പിച്ച ക്ലോഡിന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. ഫ്രഞ്ച് വിപ്ലവ കാലത്ത് സഭയോടൊപ്പം നില കൊണ്ടതിന് രണ്ട് സഹോദരങ്ങൾ സ്വന്തം കൺമുമ്പിൽ വച്ച് വധിക്കപ്പെട്ടതിന്റെ ആഘാതം ആകെ ഉലച്ച കുടുംബ പശ്ചാത്തലമുള്ള മദർ ക്ലോഡിൻ അനാഥരായ പെൺകുട്ടികൾക്ക് അത്താണിയായി മാറുന്നു.

കോവിഡാനന്തര കാലഘട്ടത്തിൽ ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങള

www.malankaralibrary.com




ടെ ശോഷണവും ചോർച്ചയും എത്ര ഭീതിദമാണെന്ന് നാം കണ്ടറിഞ്ഞു കഴിഞ്ഞു. ജീവസന്ധാരണ മാർഗങ്ങൾ പോലും നഷ്ടപ്പെടുകയും, ഉറ്റവർ പോലും ആത്മഹത്യ ചെയ്യുന്ന ദുരന്തത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന നാളുകളിൽ കുടുംബമെന്ന ദൈവം സ്ഥാപിച്ച സമൂഹത്തിലെ ഏകകം, ചിതറിത്തെറിക്കുകയാണ് പലപ്പോഴും. കുടുംബങ്ങൾ ഒരുമിച്ച് മരണം പൂകുന്ന നാളുകളാണിത്. അപ്പനും അമ്മയും ആത്മഹത്യ ചെയ്യുമ്പോൾ, നിഷ്കളങ്കരായ മക്കൾക്ക് ഇവിടെ ജീവിക്കാനാവില്ലെന്ന ചിന്തയാണ് കൂട്ട ആത്മഹത്യയുടെ മൂല കാരണം.

മദർ ക്ലോഡിന്റെ ആഹ്വാനം യുദ്ധക്കനലുകൾ അണഞ്ഞു തുടങ്ങിയ കുടുംബിനികളുടെ നെഞ്ചിൽ തറച്ചു: "ശരീരത്തിന്റെയും ആത്മാവിന്റെയും യഥാർത്ഥ അമ്മമാരാകു" എന്നാണ് വിശുദ്ധ കുടുംബങ്ങളോടു വിളിച്ചു പറഞ്ഞത്. കൺമുമ്പിൽ വെടിയേറ്റ് വീണ വിശുദ്ധയുടെ സഹോദരങ്ങൾ, അവരുടെ ഘാതകരോട് ക്ഷമിച്ചു. എല്ലാവരോടും ക്ഷമിക്കുവാൻ എല്ലാവരെയും അവർ ആഹ്വാനം ചെയ്തത് മദറിനെ മാത്രമല്ല കരയിപ്പിച്ചത്. ക്രിസ്തുവചനത്തിന്റെ ആർദ്രതയും കരുണയും തുളുമ്പുന്ന ക്ഷമയുടെ ഈ പാഠങ്ങൾ പിൽക്കാലത്ത് സമൂഹ മാനസാന്തരത്തിനുപോലും കാരണമാകും വിധമാണ് വിശുദ്ധയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഫ്രഞ്ച് ജനതയുടെ ഹൃദയം കവർന്നത്.

68 പേജുകളുള്ള ഈ ഗ്രന്ഥത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനും കെ.സി.എസ്.എൽ-ന്റെ രക്ഷാധികാരിയുമായ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ്. റോം ആസ്ഥാനമായുള്ള ആർ.ജെ.എം. കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ മോനിക്കാ ജോസഫിന്റേതാണ് ആമുഖ മൊഴികൾ. ആർ.ജെ.എം. ഡെൽഹി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ അന്റോനിയെറ്റ് ദേവൂസിന്റെ സന്ദേശവുമുണ്ട്. 14 അധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. കുട്ടികളുടെ ജീവിതത്തിന് ആത്മീയ വഴിവിളക്കായി മാറും വിധം ഹൃദയഹാരിയാണ് ഈ ഗ്രന്ഥത്തിലെ ഓരോ വരികളും. കെ.സി.ബി.സി മീഡിയാ കമ്മീഷന്റെ 2023-ലെ രണ്ടാമത്തെ പ്രസാധന സംരംഭമാണിത്. ഈ പുസ്തകം പ്രസാധനം ചെയ്യുവാൻ സാമ്പത്തിക പിന്തുണ നൽകിയ ആർ ജെ എം കോൺഗ്രിഗേഷന്റെ ഡെൽഹി പ്രൊവിൻസിന്റെ സാരഥികൾക്ക് നന്ദി.❍


50 രൂപ വിലയുള്ള ഗ്രന്ഥം 30 രൂപയ്ക്ക്!

**ഒരു സ്നേഹ വിപ്ലവനായികയുടെ കഥ**

വിശുദ്ധ ക്ലോഡിൻ തെവനെയെക്കുറിച്ച് സിസ്റ്റർ **ജോസ്ന ഫെർണാണ്ടസ്** ആർ ജെ എം എഴുതിയ ഈ ഗ്രന്ഥം യുദ്ധക്കെടുതികളെ അതിജീവിച്ച് ഒരു സമർപ്പിത ഫ്രാൻസിൽ നടത്തിയ വിശ്വാസ തീർത്ഥാടനത്തിന്റെ കഥയാണ്.
സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക് സമ്മാനമായി നൽകാം. മോറൽ ബുക്സിനോടൊപ്പം വിതരണം ചെയ്യാം.
കോപ്പികൾക്ക്: **9995285687**
KCSL, POC, KOCHI 682025

www.malankaralibrary.com



# വരൂ, ഇവിടെയാണ് അനുഗ്രഹം ചൊരിയുന്ന ക്രിസ്തുരാജ സന്നിധി

**ബേസിൽ കൊൺസേര**
പാരിഷ് എഡ്യൂക്കേഷൻ കൺവീനർ



ദക്ഷിണേന്ത്യയിലെ  പ്രസിദ്ധ ക്രിസ്തീയ ദേവാലയമാണ് വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയം. ഇവിടത്തെ ക്രിസ്തുരാജത്വ തിരുനാൾ ആഘോഷം 2023 നവംബർ 17ന് കൊടിയേറി 26 ന് സമാപിക്കും. ജാതി മതഭേദമെന്യെ ഭക്തർ ദർശനത്തിനെത്തുന്ന വെട്ടുകാട് ദേവാലയത്തിൽ ഇത്തവണ നവംബർ 17 നാണ് കൊടിയേറ്റ് ഉത്സവം. ഇടതുതോളിൽ ഭാരമേറിയ കുരിശും വഹിച്ച്, വലതുകരം ഉയർത്തി മാനവരാശിയെ അനുഗ്രഹിക്കുകയും ആശീർവദിക്കുകയും ചെയ്യുന്ന ക്രിസ്തുരാജന്റെ  തിരുസ്വരൂപം ദർശിച്ച് വണങ്ങുവാനും അനുഗ്രഹം തേടുവാനുമായി ജാതി മത ഭാഷാ ഭേദമില്ലാതെ ലക്ഷക്കണക്കിന് ജനങ്ങളാണ് ഈ തീർത്ഥാടന കേന്ദ്രത്തിലേക്ക് പ്രവഹിക്കുന്നത്.

1542 ൽ പോർച്ചുഗീസുകാരോടൊപ്പം പ്രേഷിത ദൗത്യവുമായി വന്ന ഈശോസഭ വൈദികൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറാണ് മാദ്രെ ദെ ദേവൂസ് എന്ന പോർച്ചുഗീസ് – ലത്തീൻ  പദങ്ങളുടെ സമ്മിശ്രമായ ദൈവമാതാവ് എന്നർത്ഥമുള്ള ഈ പ്രസിദ്ധ ദേവാലയം വെട്ടുകാട് സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.  ഇടവകയിലെ പ്രഥമ വൈദികനായ റവ. ഫാദർ ഹില്ലാരിയുടെ പൗരോഹിത്യ സ്വീകരണത്തിന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ  പിതാവ് ശ്രീ. കാർമെൻ മിരാൻഡ ഇടവകയ്ക്ക് സമർപ്പിച്ച ക്രിസ്തുരാജ സ്വരൂപം റോമിൽ നിന്നും കിട്ടിയ മഹനീയ വർണ്ണ ചിത്രത്തിൻറെ മാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. അഭൗമവും അവർണ്ണനീയവുമായ ഈ തിരുസ്വരൂപം പണിയുവാൻ കേരളത്തിലെ ക്രൈസ്തവ ശില്പകലാരൂപ നിർമ്മാണത്തിൽ അഗ്രഗണ്യരായ, ആലപ്പുഴ ചമ്പക്കുളത്തെ അനുഗൃഹീത ശിൽപ്പികൾക്ക് അശ്രാന്തപരിശ്രമം തന്നെ നടത്തേണ്ടിവന്നു. വെട്ടുകാട് ക്രിസ്തുരാജന്റെ  സാന്നിധ്യം വെളിപ്പെടുത്തുന്ന ദർശനങ്ങളും അടയാളങ്ങളും ആരംഭ കാലത്ത് തന്നെ ലഭിക്കുകയുണ്ടായി എന്നും വിശ്വസിക്കപ്പെടുന്നു. വർഷത്തിൻറെ എല്ലാ ദിവസങ്ങളിലും തീർത്ഥാടകരുടെ ബാഹുല്യമുണ്ടെങ്കിലും വെള്ളിയാഴ്ചകളിലാണ് തിരക്ക് ഏറെ അനുഭവപ്പെടുന്നത്.

www.malankaralibrary.com



ഫാ. ഡോ . എഡിസൺ വൈ എം
വികാരി

ക്രിസ്തുരാജ സന്നിധിയിൽ വന്നണയുന്ന ഭക്തജനങ്ങളുടെ അനുഷ്ഠാനങ്ങൾ വൈവിധ്യമേറിയതും കൗതുകകരവുമാണ്. കുഞ്ഞുങ്ങളുടെ ആദ്യ ചോറൂണ്, പുതിയ വാഹനങ്ങൾ വെഞ്ചരിക്കൽ, ആദ്യ ഫലങ്ങൾ കാഴ്ചവയ്ക്കൽ, വിദ്യാരംഭം തുടങ്ങി എന്തിനും ഏതിനും വിശ്വാസത്തോടെ ആളുകൾ എത്തുന്നു.1980 ൽ ക്രിസ്തുരാജത്വ തിരുനാളിനോട് അനുബന്ധിച്ച് തുടക്കം കുറിച്ചതാണ് ക്രിസ്തുരാജ പാദപൂജ. തിരുനാൾ ദിനങ്ങളിൽ ദേവാലയത്തിനകത്തെ തിരുക്കർമ്മങ്ങൾക്ക് ശേഷം ക്രിസ്തുരാജ തിരു സന്നിധിയിൽ അർപ്പിക്കപ്പെട്ട ഈ ചടങ്ങ് ആരംഭ നാളുകളിൽ തന്നെ വിശ്വാസികൾക്ക് ഹൃദ്യമായ അനുഭവമായി തീർന്നു. തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലും ക്രിസ്തുരാജ സന്നിധിയിൽ വൈദികന്റെ കാർമ്മികത്വത്തിൽ വിശ്വാസികൾ പാദപൂജ അർപ്പിച്ചുവരുന്നു.
തിരുവചന ഭാഗങ്ങളെ ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ അപേക്ഷകളോടൊപ്പം ക്രിസ്തുരാജന് സമർപ്പിക്കുന്ന ശൈലിയാണ് പാദപൂജയെ ഇത്രയധികം ജനപ്രിയമാക്കിയത്. തുടർച്ചയായി ഒമ്പത് ആഴ്ചകളിൽ പാദപൂജയിൽ സംബന്ധിക്കുന്നതിലൂടെ ഉദ്ദിഷ്ടകാര്യം നേടുമെന്ന വിശ്വാസം അക്രൈസ്തവ സഹോദരങ്ങളുടെ ഇടയിൽ പോലും ശക്തമാണ്. ഈ വിശ്വാസത്തെ സാധൂകരിച്ചുകൊണ്ട് നിരവധി അദ്ഭുതങ്ങൾ പാദപൂജ സമയത്ത് സംഭവിക്കുന്നു.
പാദപൂജാമദ്ധ്യേ ക്രിസ്തുരാജഭക്തരുടെ പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയും ഉണ്ട്. ക്രിസ്തുരാജ പാദപൂജയിൽ വിവിധ മതസ്ഥരായ ഭക്തജനങ്ങളുടെ തിരക്ക് അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോൾ മാസാദ്യ വെള്ളിയാഴ്ചകളിൽ രാവിലെ കുർബാനയ്ക്ക് ശേഷം ക്രിസ്തുരാജ പാദപൂജ ക്രിസ്തുരാജ സന്നിധിയിൽ അർപ്പിക്കുന്നു. ക്രിസ്തുരാജത്വ തിരുനാൾ സാഘോഷം നടത്തുന്നതിനായി തീർത്ഥാടകരെയും ഇടവക സമൂഹത്തെയും അനുഗ്രഹിക്കണമേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഇടവക വികാരി റവ.ഡോ.എഡിസൺ വൈ എം 2023 നവംബർ 17 ന് പതാക ഉയർത്തി തിരുനാളിന് ആരംഭം കുറിക്കും.
പതിനെട്ടാം തീയതി മുതൽ 25 വരെ വിവിധ നിയോഗങ്ങൾക്കായി ആഘോഷമായ ദിവ്യബലി, ക്രിസ്തുരാജപാദപൂജ എന്നിവ നടത്തിവരുന്നു. നവംബർ 24 വെള്ളി വൈകിട്ട് 5.30ന് പൊന്തിഫിക്കൽ ദിവ്യബലി മുഖ്യ കാർമികൻ:മോസ്റ്റ് റവ.ഡോ.സൂസപാക്യം എം (ആർച്ച് ബിഷപ് എമരിറ്റസ് തിരുവനന്തപുരം അതിരൂപത) നവംബർ 25 വൈകിട്ട് 6 മണിക്ക് നടക്കുന്ന ക്രിസ്തുരാജത്വ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ ഘോഷയാത്രയിൽ പതിനായിരക്കണക്കിന് ശുഭ്രവസ്ത്രധാരികളായ ഭക്തജനങ്ങളാണ് പങ്കെടുന്നത്. സമാപന ദിവസമായ നവംബർ 26 ഞായറാഴ്ച വൈകിട്ട് 5.30ന് നടക്കുന്ന തിരുനാൾ പൊന്തിഫിക്കൽ സമൂഹദിവ്യബലിക്ക് തിരുവനന്തപുരം ലാറ്റിൻ അതിരൂപതാ ആർച്ച് ബിഷപ് മോസ്റ്റ്.റവ.ഡോ.തോമസ് ജെ.നെറ്റോ മുഖ്യ കാർമ്മികത്വംവഹിക്കും❍

www.malankaralibrary.com

കേരള സർക്കാരിൻറെ നാടക മത്സരത്തിൽ മികച്ച രണ്ടാമത്തെ സംവിധാനം മികച്ച സഹനടൻ മികച്ച രംഗപടം എന്നീ മൂന്ന് അവാർഡുകൾ നേടിയ സൂപ്പർ ഹിറ്റ് നാടകം



www.malankaralibrary.com

കേരളത്തിലെ മികച്ച നാടക മത്സരങ്ങളിൽ ഏറ്റവും നല്ല നാടകം ഉൾപ്പെടെ നിരവധി
അവാർഡുകൾ വാരിക്കൂട്ടിയ ഈ വർഷത്തെ സൂപ്പർ നാടകം



www.malankaralibrary.com



www.malankaralibrary.com



# KCBC DRAMA FEST 2023







www.malankaralibrary.com



വാർത്തയും ചിന്തയും

# കർഷകർക്കെതിരെ വീശാനുള്ളതാണോ പാർട്ടി ചിഹ്നത്തിലെ അരിവാൾ ?

വാർത്ത

**ആന്റണി ചടയംമുറി**

കേരളത്തിൽ ഇപ്പോൾ പെയ്യുന്ന മഴയ്ക്ക് കർഷകരുടെ കണ്ണുനീരിന്റെ രുചിയാണുള്ളത്. നെല്ല്, റബർ, പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുന്നവരെല്ലാം തന്നെ സങ്കടത്തിലാണ്. നെല്ലിന്റെ വില 90 ശതമാനം കർഷകർക്കും കിട്ടാനുണ്ടെന്ന് പാലക്കാട്ടെ കർഷകർ പറയുന്നു. സപ്ലൈകോ നെല്ല് സംഭരിച്ച് അരിയാക്കി വിറ്റിട്ട് നാളുകളേറെയായി. ഇപ്പോൾ നെല്ലിന്റെ വില നൽകുന്നതുപോലും പുതിയ രീതിയിലാണ്. സ്വന്തം നെല്ല് അളന്നുകൊടുത്തതിനു പണം കിട്ടണമെങ്കിൽ, സപ്ലൈകോ നൽകുന്ന പാഡി റെസീറ്റ് ഷീറ്റ് (പി.ആർ.എസ്.) കർഷകർ ബാങ്കുകൾക്ക് പൂരിപ്പിച്ച് നൽകണം. അതായത് ബാങ്കിന് സപ്ലൈകോ പണം നൽകുന്നില്ലെങ്കിൽ കടബാധ്യത കർഷകന്റെ തലയ്ക്കിരിക്കും. കർഷകർക്കായുള്ള എല്ലാ പദ്ധതികൾ നടപ്പാക്കുമ്പോഴും ധനവകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ കുതന്ത്രങ്ങൾ നിരവധിയാണ്. റബർ കർഷകർക്ക് ലഭിച്ചിരുന്ന ഇൻസെന്റീവ് ഇപ്പോൾ കാരണമൊന്നും പറയാതെ തടഞ്ഞിരിക്കുന്നു. പച്ചക്കറി സംഭരിച്ചതിന്റെ പണം ഹോർട്ടികോർപ്സും കുടിശ്ശികയാക്കി കഴിഞ്ഞു. ഇതിനിടെ കർഷകർ തരം തിരിച്ച് ഉൽപ്പന്നങ്ങൾ നൽകിയില്ലെന്നു പറഞ്ഞ് സംഭരണവില പകുതിയാക്കി കുറച്ചിട്ടുമുണ്ട്. കർഷകരെ ഇങ്ങനെ ദുരിതത്തിലാഴ്ത്തിയ മറ്റൊരു ഭരണകൂടം കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. പാർട്ടി ചിഹ്നത്തിൽ അരിവാളും നെൽക്കതിരുമുള്ള സി.പി.ഐ. നെൽക്കർഷകരുടെ കാര്യമെങ്കിലും ഓർക്കാതിരിക്കുന്നത് സങ്കടകരമാണ്.

ചിന്ത

സർവ സാമ്പത്തിക സാമൂഹിക ജീവിതത്തിന്റെയും ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യനാണ്. **(സഭ ആധുനിക ലോകത്തിൽ – നമ്പർ 63)**

www.malankaralibrary.com

**പാലാരിവട്ടം പി ഒ സിയിൽ വച്ച് നടന്ന കെസിബിസി നാടക മത്സരത്തിൽ ഏറ്റവും നല്ല നാടകം ഏറ്റവും നല്ല നടി എന്നീ പ്രധാന അവാർഡുകൾ നേടിയ സൂപ്പർഹിറ്റ് നാടകം**



www.malankaralibrary.com

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 30-09-2023




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.